സ്വാമി ശരണം

# അയ്യപ്പവാണി

अय्यप्पवाणि വെബ് വാർത്താമാസിക

**ശബരിമല അയ്യപ്പ സേവാ സമാജം (സാസ്സ്)**

പബ്ലിക് ചാരിറ്റബിൾ ട്രസ്റ്റ്.. റജി.നം.226/2008



അഡ്മിൻ ഓഫീസ്: അയ്യപ്പവിഹാർ, ശിവ ടെമ്പിൽ റോഡ്, വിയ്യൂർ, തൃശൂർ ജില്ല, കേരളം - 680010.
വെബ്സൈറ്റ്: www.sassbharath.org ഫോൺ:09400401722 ഈമെയിൽ: sassinservice@gmail.com





ക്രമ നം. അയ്യപ്പവാണി –
12/2022 (ഉത്രം പതിപ്പ്)
19 നവംബർ 2022
( 03 വൃശ്ചികം 1198)
യുഗാബ്ദം 5124



- 2023 :ശബരിമല നട തുറക്കുന്ന ദിവസങ്ങൾ, ഉത്രം പൂജാ ദിവസങ്ങൾ, പൂജാ സമയങ്ങൾ
- ഹരിവരാസനം വ്യാഖ്യാനം: ഭാഗം 2 – ശ്രീ. ജനാർദ്ദനൻ നായർ
- ധർമ്മ ശാസ്ത്രങ്ങൾ, മനുസ്മൃതി : ഡോ. വിശ്വനാഥൻ നമ്പൂതിരി
- ഇരുമുടി തയ്യാറാക്കൽ – തന്ത്രി കണ്ഠരര് രാജീവര്.
- നമ്മുടെ പൈതൃകം – പാലിത്താന ക്ഷേത്രങ്ങൾ
- കഥ: കർമ്മഫലം
- സാധന – ഗുരുപദേശം: മാതാ അമൃതാനന്ദമയി അമ്മ
- സുഭാഷിതം – 34
- ഗീതാ ശ്ലോകങ്ങൾ 31–35
- ക്വിസ് –19
- വാർത്തകൾ





## ശബരിമല ക്ഷേത്രം – തുറക്കുന്ന/അടക്കുന്ന ദിവസങ്ങൾ – 2023

| പൂജ | തുറക്കുന്ന സമയം 5.00 | അടയ്ക്കുന്ന സമയം 10.00 |
|---|---|---|
| മകരവിളക്ക് ഉത്സവം (മകരജ്യോതി ദർശനം –14/01/2023 വൈകുന്നേരം) | 30/12/2022 | 20/01/2023* |
| പ്രതിമാസ പൂജ (കുംഭം/ഫെബ്രുവരി) | 12/02/2023 | 17/02/2023 |
| പ്രതിമാസ പൂജ (മീനം/ മാർച്ച്) | 14/03/2023 | 19/03/2023 |
| ഉത്സവം(കൊടിയേറ്റ് – 27/03/2023, ആറാട്ട് & പങ്കുനി ഉത്രം – 05/04/2023) | 26/03/2023 | 05/04/2023 |
| പ്രതിമാസ പൂജ – മേടം/ഏപ്രിൽ (വിഷു – 15/04/2023) | 11/04/2023 | 19/04/2023 |
| പ്രതിമാസ പൂജ (ഇടവം/മെയ്) | 14/05/2023 | 19/05/2023 |
| പ്രതിഷ്ഠാ ദിനം | 29/05/2023 | 30/05/2023 |
| പ്രതിമാസ പൂജ (മിഥുനം/ജൂൺ) | 15/06/2023 | 20/06/2023 |
| പ്രതിമാസ പൂജ (കർക്കടകം/ജൂലൈ) | 16/07/2023 | 21/07/2023 |
| പ്രതിമാസ പൂജ (ചിങ്ങം/ഓഗസ്റ്റ്) | 16/08/2023 | 21/08/2023 |
| ഓണം ഉത്സവം (തിരുവോണം – 29/08/2023) | 27/08/2023 | 31/08/2023 |
| പ്രതിമാസ പൂജ (കന്നി/സെപ്റ്റംബർ) | 17/09/2023 | 22/09/2023 |
| പ്രതിമാസ പൂജ (തുലാം/ഒക്ടോബർ) | 17/10/2023 | 22/10/2023 |
| ശ്രീ ചിത്തിര ആട്ട തിരുനാൾ | 10/11/2023 | 11/11/2023 |
| മണ്ഡല പൂജ ഉത്സവം (മണ്ഡല പൂജ –27/12/2023) | 16/11/2023 | 27/12/2023 |
| മകരവിളക്ക് ഉത്സവം (മകരവിളക്ക് –14/01/2024) | 30/12/2023 | 20/01/2024 |

*20.01.2023 ന് രാവിലെ 6.00 മണിക്ക് ക്ഷേത്രം അടയ്ക്കും, പൊതുദർശനമില്ല.
19–ന് രാത്രി മാളികപ്പുറം ക്ഷേത്രപരിസരത്ത് ഗുരുതി.
19, 20 തീയതികളിലും നെയ്യഭിഷേകം ഇല്ല.

## ഉത്രം പൂജ തീയതികൾ – 2023

| നം | ആഴ്ച | ഇംഗ്ലീഷ് തീയതി/ മാസം | മലയാളം തീയതി/മാസം |
|---|---|---|---|
| 1 | വെള്ളിയാഴ്ച | 13 ജനുവരി | 29 ധനു – 1198 |
| 2 | വ്യാഴാഴ്ച | 09 ഫെബ്രുവരി | 26 മകരം |
| 3 | ബുധനാഴ്ച | 08 മാർച്ച് | 24 കുംഭം |
| 4 | ബുധനാഴ്ച | 05 ഏപ്രിൽ | 22 മീനം |
| 5 | ചൊവ്വാഴ്ച | 02 മെയ് | 18 മേടം |

| | | | |
|---|---|---|---|
| 6 | തിങ്കളാഴ്ച | 29 മേയ് | 15 ഇടവം |
| 7 | തിങ്കളാഴ്ച | 26 ജൂൺ | 11 മിഥുനം |
| 8 | ഞായറാഴ്ച | 23 ജൂലൈ | 07 കർക്കടകം |
| 9 | ശനിയാഴ്ച | 19 ഓഗസ്റ്റ് | 03 ചിങ്ങം-1199 |
| 10 | വെള്ളിയാഴ്ച | 15 സെപ്റ്റംബർ | 30 ചിങ്ങം |
| 11 | വെള്ളിയാഴ്ച | 13 ഒക്ടോബർ | 27 കന്നി |
| 12 | വ്യാഴാഴ്ച | 09 നവംബർ | 23 തുലാം |
| 13 | ബുധനാഴ്ച | 06 ഡിസംബർ | 20 വൃശ്ചികം |

## ദിവസേനയുള്ള പൂജാ സമയങ്ങൾ

| പൂജാ വിശേഷങ്ങൾ | സാധാരണ കാലം | തീർത്ഥാടനകാലം |
|---|---|---|
| ശ്രീകോവിൽ തുറക്കൽ | രാവിലെ 5.00 | രാവിലെ 3.00 |
| നിർമാല്യ ദർശനം | രാവിലെ 5.05 | രാവിലെ 3.05 |
| ഗണപതി ഹോമം | രാവിലെ 5.30 | രാവിലെ 3.30 |
| നെയ്യഭിഷേകം | രാവിലെ 5.15 - 6.45 | രാവിലെ 3.15 - 6.45 |
| ഉഷ പൂജ | രാവിലെ 7.30 | രാവിലെ 7.30 |
| ഉദയാസ്തമന പൂജ | രാവിലെ 8.00 | സാധാരണ ഇല്ല |
| നെയ്യഭിഷേകം | രാവിലെ 9.00 -11.15 | രാവിലെ 8.00 -11.15 |
| ഉച്ച പൂജ | ഉച്ചയ്ക്ക് 12.00 | ഉച്ചയ്ക്ക് 12.00 |
| ശ്രീകോവിൽ അടയ്ക്കൽ | ഉച്ചയ്ക്ക് 1.00 | ഉച്ചയ്ക്ക് 1.00 |
| ശ്രീകോവിൽ തുറക്കൽ | വൈകിട്ട് 5.00 | വൈകിട്ട് 4.00 |
| ദീപാരാധന | വൈകിട്ട് 6.30 | വൈകിട്ട് 6.30 |
| പുഷ്പാഭിഷേകം | വൈകിട്ട് 6.45 - 9.00 | വൈകിട്ട് 6.45 - 9.00 |
| പടി പൂജ | വൈകിട്ട് 7.00 | ഇല്ല |
| അത്താഴ പൂജ | രാത്രി 9.15 | രാത്രി 9.15 |
| ഹരിവരാസനം | രാത്രി 9.55 | രാത്രി 9.55 |
| ശ്രീകോവിൽ അടയ്ക്കൽ | രാത്രി 10.00 | രാത്രി 10.00 |

*സമയങ്ങൾ പൊതുവായ അറിവിന് മാത്രം നൽകിയിരിക്കുന്നു. ക്ഷേത്ര ആവശ്യങ്ങൾക്കനുസരിച്ച് ഇവ മാറിയേക്കാം. കൃത്യമായ വിവരത്തിന് ദയവായി ക്ഷേത്ര അധികാരികളോട് നേരിട്ട് പരിശോധിക്കുക.

---------------------------------

## ബ്രഹ്മമുഹൂർത്തം - മണ്ഡലവ്രതം

ബ്രഹ്മമുഹൂർത്തം അഥവാ, പ്രഭാതത്തിനുമുമ്പ്, രാത്രിയുടെ അവസാന കാൽഭാഗം. ഈ സമയം നമുക്ക് ബ്രഹ്മം അഥവാ സ്രഷ്ടാവ് തന്നെ ആയിത്തീരാനുള്ള സാധ്യത പ്രധാനം ചെയ്യുന്നുവെന്ന് ഋഷിമാർ കണ്ടെത്തിയിരുന്നു. ഈ സമയം നമുക്ക് നമ്മുടെ ജീവിതത്തെത്തന്നെ നമുക്കിഷ്ടമുള്ള രീതിയിൽ രൂപപ്പെടുത്താൻ കൂടിയുള്ളതാണ്.

ബ്രഹ്മമുഹൂർത്തത്തിന്റെ സമയം:

1 (ഒരു) മിനിറ്റ് = 2.5 വിനാഴിക. 1 മണിക്കൂർ= 2.5 നാഴിക. 1 ദിവസം = 1പകൽ + 1 രാത്രി = 24 മണിക്കൂർ = 60 നാഴിക. 30 ദിവസം = 1 മാസം. 360 ദിവസം = 6 മാസം വീതമുള്ള ഉത്തരായന കാലവും ദക്ഷിണായന

കാലവും ചേർന്ന 12 മാസം = 1 വർഷം.

മറ്റൊരു കാലഗണനയനുസരിച്ച്: ഒരു ദിവസത്തെ 8 യാമങ്ങളായി തിരിച്ചിരിക്കുന്നു. 1 യാമം = 7.5 നാഴിക = 3 മണിക്കൂർ. പകൽ 4 യാമം, രാത്രി 4 യാമം. ഇതിൽ രാത്രിയിലെ നാലാമത്തെ യാമം, അതായത് ഏകദേശം രാത്രി 3.30 മണി മുതൽ സൂര്യോദയം വരെയുള്ള 3 മണിക്കൂർ സമയമാണ് പവിത്രമായ സരസ്വതിയാമം അഥവാ ബ്രഹ്മമുഹൂർത്തം എന്നറിയപ്പെടുന്നത്.

സദ്ഗുരു (ജഗ്ഗിവാസുദേവ്) വിശദീകരിക്കുന്നു: ബ്രഹ്മമുഹൂർത്തത്തിൽ എന്ത് സംഭവിക്കുന്നു.. ഈ സമയത്ത് സൂര്യനും ചന്ദ്രനുമായുള്ള ഭൂമിയുടെ ബന്ധത്തിന്റെ സ്വഭാവം കാരണം മനുഷ്യനിൽ (മറ്റ്ജീവജാലങ്ങളിലും) ചില ശാരീരികമായ മാറ്റങ്ങൾ സംഭവിക്കുന്നു – ശരീരത്തിലെ വിസർജ്യ വസ്തുക്കൾക്ക് വരെ – ഉദാഹരണമായി മൂത്രത്തിന് ഈ സമയങ്ങളിൽ ചില പ്രത്യേക ഗുണങ്ങളുണ്ടെന്ന് ആധുനിക വൈദ്യശാസ്ത്രം കണ്ടെത്തിയിരിക്കുന്നു.

ഒരുപാടു ഗവേഷണങ്ങൾ ഇതിൽ നടന്നിട്ടുണ്ട്. പീനിയൽ ഗ്രന്ഥിയിൽ നിന്നുള്ള മെലാടോണിന്റെ ഉത്പാദനം ഈ സമയത്ത് നടക്കുകയും ശരീരം മുഴുവൻ ഒരു അനുകൂലമായ സാഹചര്യത്തിലാവുകയും ചെയ്യുന്നു. പീനിയൽ ഗ്രന്ഥി പരമാവധി മെലാടോണിൻ ഉത്പാദിക്കുന്നത് ഈ സമയത്തായതിനാൽ, നമ്മൾ ബ്രഹ്മമുഹൂർത്തം പരമാവധി ഉപയോഗപ്പെടുത്തണം, എന്തെന്നാൽ ഈ സമയത്ത് നമുക്ക് സ്ഥിരത കൈവരുത്താനുതകുന്നതാണ്.

'നിങ്ങൾ സൗഖ്യത്തിലാണ്' എന്നാൽ നിങ്ങളുടെയുള്ളിൽ, മനസ്സിന് ചാഞ്ചാട്ടങ്ങളില്ല എന്നാണർത്ഥം. ബ്രഹ്മമുഹൂർത്തത്തിൽ വളരെ അനായാസമായി സൗഖ്യത്തിലെത്താനാകും. ആധുനിക വൈദ്യശാസ്ത്രത്തിലെ മെലാടോണിൻ വികാരസ്ഥിരതയ്ക്ക് സഹായിക്കുന്നതാണെന്ന് പറയുന്നു.

ബ്രഹ്മമുഹൂർത്തത്തിൽ ഉണരുന്നത് ഒരാളുടെ ആയുസ്സ് വർദ്ധിപ്പിക്കുകയും രോഗങ്ങൾ ഒഴിവാക്കാൻ സഹായിക്കുകയും ചെയ്യുന്നു എന്ന് ആയുർവ്വേദത്തെ കുറിച്ചുള്ള ഒരു ഗ്രന്ഥമായ അഷ്ടാംഗ ഹൃദയത്തിൽ കാണുന്നു. ബ്രഹ്മ എന്നാൽ അറിവ്, മുഹൂർത്തം എന്നാൽ കാലാവധി. അറിവുണ്ടാക്കാൻ അനുയോജ്യമായ സമയമാണ് ബ്രഹ്മ മുഹൂർത്തം.

'ഇന്റർനാഷണൽ ജേണൽ ഓഫ് യോഗ ആന്റ് അലൈഡ് സയൻസസ്' പറയുന്നതനുസരിച്ച്, പ്രഭാതത്തിനു മുമ്പുള്ള സമയത്ത് അന്തരീക്ഷത്തിൽ ഓക്സിജന്റെ ലഭ്യത കൂടുതലുണ്ട്. ഈ പുതിയ ഓക്സിജൻ ഹീമോഗ്ലോബിനുമായി എളുപ്പത്തിൽ കൂടിച്ചേർന്ന് ഓക്സിഹീമോഗ്ലോബിൻ രൂപപ്പെടുന്നു, ഇതിന് ഇനിപ്പറയുന്ന ഗുണങ്ങളുണ്ട്: രോഗപ്രതിരോധ ശേഷി വർദ്ധിപ്പിക്കുന്നു. ഊർജനില വർദ്ധിപ്പിക്കുന്നു. രക്തത്തിന്റെ പിഎച്ച് ബാലൻസ് നില നിർത്താൻ സഹായിക്കുന്നു. വേദന, മരവിപ്പ്, വ്രണം എന്നിവ ഒഴിവാക്കുന്നു. ധാതുക്കളുടെയും വിറ്റാമിനുകളുടെയും ആഗിരണം മെച്ചപ്പെടുത്തുന്നു..

ഈ സമയത്ത് നിങ്ങൾ എഴുന്നേറ്റ് ആത്മീയ സാധനകൾ ചെയ്യുകയാണെങ്കിൽ ഏറ്റവുമധികം ഗുണം ലഭിക്കും. ബ്രഹ്മമുഹൂർത്തം എന്നാൽ സ്രഷ്ടാവിന്റെ സമയം എന്നാണർത്ഥം. ഇത് നമുക്ക് നമ്മളെത്തന്നെ സൃഷ്ടിച്ചെടുക്കാനുള്ള സമയമാണ്. നമുക്ക് അതിരാവിലെ സ്വയം ബ്രഹ്മമാകാം, അങ്ങനെയല്ലെങ്കിൽ നിങ്ങൾക്ക് നിങ്ങൾ ആഗ്രഹിക്കുന്ന രീതിയിൽ നിങ്ങളെ സൃഷ്ടിച്ചെടുക്കാം.

**മണ്ഡലക്കാലം – വ്രതം.**

മുൻപ് വിശദീകരിച്ച കാലഗണന മനുഷ്യരുമായി ബന്ധപ്പെട്ടതാണ്. ദേവതാ സങ്കല്പമനുസരിച്ച് മനുഷ്യന്റെ ഒരു വർഷം എന്നത് ദേവന്മാർക്ക് ഒരു ദിവസം മാത്രം. മനുഷ്യന്റെ അർദ്ധവർഷം – ഉത്തരായന കാലം (മലയാളവർഷ കാലഗണനയനു സരിച്ച് മകര മാസം മുതൽ മിഥുനം വരെ) ദേവന്റെ പകലും, അടുത്ത അർദ്ധവർഷം – ദക്ഷിണായന കാലം (കർക്കടകം മുതൽ ധനു വരെ) രാത്രിയും. ദേവന്മാരുടെ പകൽ സമയമായ ഉത്തരായന കാലം മനുഷ്യർക്ക് സൽക്കർമ്മങ്ങൾക്കു ഏറ്റവും ഉത്തമമായി കണക്കാക്കുന്നു. (ഭീഷ്മർ സ്വർഗ്ഗപ്രവേശനത്തിനായി ഉത്തരായനത്തിന്റെ സമാരംഭം വരെ ശരശയ്യയിൽ കിടന്നു).

മനുഷ്യന്റെ രാത്രിയിലെ അവസാനയാമം (രാത്രിയുടെ കാൽഭാഗം) ബ്രഹ്മമുഹൂർത്തം ആണെങ്കിൽ ദേവന്മാരുടെ രാത്രി – ദക്ഷിണായന കാലത്തിന്റെ അവസാന കാൽഭാഗം, അതായത് ഏകദേശം വൃശ്ചികം, ധനു മാസങ്ങൾ, പരിപാവനമായ, ബ്രഹ്മമുഹൂർത്തസമാനമായി കണക്കാക്കുന്നു. ഇതിൽ വൃശ്ചികം 1 മുതൽ 41 ദിനങ്ങൾ 'മണ്ഡലക്കാലം' എന്നറിയപ്പെടുന്നു.

മറ്റൊരു വ്യാഖ്യാനം: പ്രധാനമായി സൂര്യനേയും ചന്ദ്രനെയും അടിസ്ഥാനമാക്കി രണ്ടു തരം കലണ്ടറുകൾ പ്രചാരത്തിലുണ്ട്. സൗരകലണ്ടർ (solar calendar), ചാന്ദ്രകലണ്ടർ (lunar calendar). സൗരകലണ്ടർ പ്രകാരം ഒരു വർഷത്തിന് 365 ദിവസവും ചാന്ദ്രകലണ്ടർ അനുസരിച്ച് 12x27 = 324 ദിവസവുമാണ്. ഇവ തമ്മിലുള്ള വ്യത്യാസം 365-324 = 41 ദിവസം ദൈവീകമായ മണ്ഡലക്കാലമായി കണക്കാക്കുന്നു.

ഈ മണ്ഡലക്കാലമാണ് ബ്രഹ്മമുഹൂർത്തത്തിന് തുല്യം ഈശ്വരോന്മുഖമായ സദ്കർമ്മങ്ങൾക്കു ഏറ്റവും ഉത്തമമായി കണക്കാക്കി ശബരിമല തീർത്ഥാടകർ വ്രതം അനുഷ്ഠിക്കുന്നത്. 'സ്വാമിയെ കണ്ടാൽ മോക്ഷം കിട്ടും' – അനവധി ശരണ മന്ത്രങ്ങളിലൊന്നായ ഇതിന്റെ ലക്ഷ്യ പ്രാപ്തിക്ക് നമ്മുടെ ശരീരത്തേയും മനസ്സിനെയും സംസ്കരിക്കാനായി, ഗുരുസ്വാമിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച് ഭക്തിഭാവത്തോടെ അനുഷ്ഠിക്കുന്ന വ്രതമാണ് മണ്ഡലവ്രതം. ബ്രഹ്മമുഹൂർത്തത്തിൽ എഴുന്നേറ്റ്, കുളിച്ച്, ശുദ്ധി വരുത്തി, ശരണം വിളികളോടെ സ്വാമിയെ തൊഴുത്, ഈശ്വര ഭജനം. (ക്ഷേത്രക്കുളത്തിൽ കുളിച്ച് ക്ഷേത്ര ദർശനം നടത്തുന്നത് ഉത്തമം). എല്ലാവിധ ദുശ്ശീലങ്ങളിൽ നിന്നും അകന്ന്, ലഘുവായി സസ്യാഹാരം മാത്രം കഴിക്കുന്നു.

നല്ല വാക്കുകൾ, നല്ല ചിന്തകൾ മാത്രം. ഏത് പ്രവൃത്തി ചെയ്യുമ്പോഴും ഈശ്വര ചിന്തയോടെ ഈശ്വരാർപ്പണ മായി ചെയ്യുന്നു. സന്ധ്യയ്ക്കും പ്രഭാതത്തിലേതുപോലെ കുളിച്ച്, ശരണം വിളികളോടെ, സ്വാമി ഭജനം. പൂർണ്ണമായും ബ്രഹ്മചര്യം അനുഷ്ഠാനം. കഴിയുന്നത്ര സമയം ഈശ്വര ചിന്തക്കും, ഭജനത്തിനും, ഈശ്വര ജ്ഞാന ത്തിനും ഉപയോഗിക്കുക.... ദിവസങ്ങൾ കഴിയു ന്തോറും, ക്രമേണ നമ്മുടെ മനസ്സിന് കൂടുതൽ സമാധാനവും സന്തോഷവും കൈവരുന്നതായി അനുഭവപ്പെടും.. ഈ രീതിയിൽ മുന്നോട്ട് പോകുമ്പോൾ, 41 ദിവസങ്ങളിലെ വ്രതാനുഷ്ഠാനവും കഴിഞ്ഞ് ആ പരമ പവിത്രമായ ശബരിമല സാന്നിധാനത്തിൽ എത്തി ശബരീശനെ ദർശിക്കുമ്പോൾ, ആ പരമാത്മാ ചൈതന്യത്തിൽ സ്വയം ലയിക്കുന്നു...

സ്വാമി ദർശനം കഴിഞ്ഞ് തിരികെ വരുന്ന ഭക്തൻ തികഞ്ഞ സാത്വികനായ ഒരു പുതിയ മനുഷ്യനായി മാറുന്നു.. ശിഷ്ട കാലം സമാധാനവും സന്തോഷവും അനുഭവിച്ച് ജീവിക്കാൻ ഈ മണ്ഡല വ്രതവും സ്വാമി അയ്യപ്പദർശനവും സഹായകമാവുന്നു..


സ്വാമിയേ ശരണമയ്യപ്പാ..!

————————————————————————

## ഹരിഹരാത്മജാഷ്ടകം
## (ഹരിവരാസനം) – 2

(ശ്രീ P R ജനാർദ്ദനൻ നായർ, എറണാകുളം)








### അഷ്ടകം – 2

ശരണകീർത്തനം ശക്തമാനസം,
ഭരണലോലുപം നൃത്തലാലസം,
അരുണഭാസുരം ഭൂതനായകം,
ഹരിഹരാത്മജം ദേവമാശ്രയേ.

ഹരിഹരാത്മജാഷ്ടകത്തിലെ 8 ശ്ലോകങ്ങ ളിലെയും എല്ലാ പദങ്ങളും ഭഗവാന്റെ ഗുണ-കർമ്മ-സ്വഭാവങ്ങളെ വിവരിച്ച് നമ്മെ ബോധ്യപ്പെടുത്തി ത്തരുന്ന പദങ്ങളാണ്. ഭഗവാന്റെ ഗുണ-കർമ്മ-

സ്വഭാവങ്ങളിൽ ചിലവയെങ്കിലും അനുകരിക്കാനും നമ്മിൽ വളർത്തിയെടുക്കാനും നമുക്കു കഴിയണം.

രണ്ടാമത്തെ ഈ ശ്ലോകത്തിൽ ശരണ കീർത്തനൻ, ശക്തമാനസൻ, ഭരണ ലോലുപൻ, നൃത്തലാലസൻ, അരുണ ഭാസുരൻ, ഭൂതനായകൻ എന്നീ പദങ്ങളാണ് മനസ്സിലാക്കാനുള്ളത്. 'ഹരിഹരാത്മജം ദേവമാശ്രയേ' എന്ന നാലാമത്തെ വരി എല്ലാ ശ്ലോകങ്ങളിലും ആവർത്തിക്കുന്നതാണ്. അതിന്റെ അർത്ഥം ഒന്നാമത്തെ ശ്ലോകത്തിന്റെ വ്യാഖ്യാനത്തിൽ നൽകിയിട്ടുണ്ട്. അതിനാൽ വീണ്ടും ആവർത്തിക്കുന്നില്ല. ബാക്കിയുള്ള ആറു പദങ്ങളെക്കുറിച്ച് നമുക്കു ചിന്തിക്കാം.

ശരണകീർത്തനം എന്നാൽ ശരണകീർത്തനനേ.. എന്നർത്ഥം. ശരണമന്ത്രങ്ങൾ കൊണ്ടു കീർത്തിക്കപ്പെടുന്നവൻ ശബരിമല ശ്രീധർമ്മശാസ്താവ്, അതായത് അയ്യപ്പസ്വാമിയാണ്. ശരണമന്ത്രങ്ങൾ എന്നതിന് പ്രത്യേകം വ്യാഖ്യാനം ആവശ്യമില്ല. ശബരിമല തീർത്ഥാടനകാലമായ, മണ്ഡല-മകരവിളക്കു കാലത്ത്, കേരളത്തിൽ എവിടെയും, മാത്രമല്ല തെക്കേ ഇന്ത്യയിൽ പൊതുവെയും, ഭാരതത്തിലങ്ങോളമിങ്ങോളം പല സ്ഥലങ്ങളിലും ഭഗവാന്റെ ശരണമന്ത്രങ്ങൾ, പല തരത്തിലുള്ള ശരണമന്ത്രങ്ങൾ മുഴങ്ങിക്കൊണ്ടിരിക്കുന്നത് എല്ലാവർക്കും അറിയാവുന്നതാണ്. അവ കൊണ്ടെല്ലാം കീർത്തിക്കപ്പെടുന്നവനാണ് ഭഗവാൻ.

മറ്റു ദേവീദേവന്മാരെക്കുറിച്ചും ശരണ കീർത്തനങ്ങൾ ഉണ്ടെങ്കിലും, അയ്യപ്പന്റെ ശരണമന്ത്രങ്ങൾക്ക് സവിശേഷമായ പ്രത്യേകതകളുണ്ട്. വൈദിക മന്ത്രങ്ങളും പുരാണമന്ത്രങ്ങളും മിക്കവാറുമെല്ലാം മൗനമായോ ഒറ്റക്കു വ്യക്തിപരമായോ ഉച്ചരിക്കുന്നവയാണ്. മറിച്ച് ധർമ്മശാസ്താവിന്റെ ശരണമന്ത്രങ്ങൾ ഉറക്കെ, 'വൈഖരി'യിൽ ഉച്ചരിക്കുന്നവയാണ് എന്നു കാണാം. മാത്രമല്ല, അവയൊന്നും വ്യക്തിപരമായ പ്രാർത്ഥനകൾ മാത്രമല്ല, കൂട്ടമായി ചൊല്ലുന്ന സാമൂഹിക പ്രാധാന്യമുള്ള കീർത്തനങ്ങളാണ്. ഉദാഹരണത്തിന്, 'സ്വാമിയേ ശരണമയ്യപ്പ' എന്ന ഏറ്റവും പ്രസിദ്ധമായ മന്ത്രം, ഓരോരുത്തർക്കും തനിയെ ഉച്ചരിക്കാവുന്നതാണെങ്കിലും, പൊതുവെ എല്ലാവരും ചേർന്ന്, ഒരു അയ്യപ്പൻ 'സ്വാമിയേ' എന്ന് ഉച്ചരിക്കുമ്പോൾ മറ്റെല്ലാവരും ചേർന്ന് "ശരണമയ്യപ്പ" എന്ന് ഉച്ചരിച്ച് മന്ത്രം പൂർത്തീകരിക്കുകയാണ് പതിവ്. അങ്ങിനെ വളരെ സാമൂഹിക പ്രാധാന്യമുള്ളതും കൂടുതൽ വ്യാഖാനങ്ങൾ അർഹിക്കുന്നവയുമാണ് അയ്യപ്പന്റെ ശരണമന്ത്രങ്ങൾ. അങ്ങിനെയുള്ള മന്ത്രങ്ങൾ ക്കൊണ്ട് കീർത്തിക്കപ്പെടുന്ന ഭഗവാനെ ഞാൻ ആശ്രയിക്കുന്നു.

ശക്തമാനസം എന്നാൽ ശക്തമാനസനെ,

ശക്തമായ മനസ്സുള്ളവനെ എന്നർത്ഥം. ഭഗവാന്റെ മനസ്സിന്റെ ശക്തി എടുത്തു പറയുന്നത് എന്തു കൊണ്ടെന്നാൽ, നമ്മുടെയെല്ലാം മനസ്സ്ഏറ്റവും ദുർബലമാണ്, അതൊരിക്കലും ഒരു സ്ഥലത്ത് ദൃഢമായി ഉറച്ച് നിൽക്കില്ല. എപ്പോഴും ചഞ്ച ലമായിരിക്കും. ഒരു ശാഖയിൽ നിന്ന് മറ്റൊരു ശാഖയിലേക്ക് ചാടിക്കളിക്കുന്ന വാനരനെ പോലെ എപ്പോഴും ഒരു വിഷയത്തിൽ നിന്നു മറ്റൊന്നിലേക്ക് മാറിമാറിപ്പോകുന്നതാണ മനസ്സ്. മനസ്സിൽ സംശയം ഒഴിഞ്ഞ ഒരുസമയം കാണില്ല. നിശ്ചയാത്മികമായ ബുദ്ധിയിൽ നിന്നും വ്യത്യസ്തമായി സംശയാ ത്മകമാണ മനസ്സ്. അതായത് ഉറച്ച തീരുമാനങ്ങ ളെടുക്കാനുള്ള കഴിവില്ലായ്മ മനസ്സിന്റെ സ്വഭാവമാണ്. നേരേമറിച്ച് ഭഗവാന്റെ മനസ്സ്ശക്തമാണ്, അതിന് ചഞ്ചല്യമില്ല, അവിടെ സംശയമോ സന്ദേഹമോ ഇല്ല. നമ്മുടെ മനസ്സ് നമ്മുടെ നിയന്ത്രണത്തിലല്ല, നാം നമ്മുടെ മനസ്സിന്റെ പിന്നാലെ പോകുന്നു. മറിച്ച് ഭഗവാന്റെ മനസ്സ് ഭഗവാന്റെ പൂർണ്ണ നിയന്ത്രണത്തിൽ, സ്ഥിരമായി നിൽക്കുന്ന താണ്. എന്റെ മനഃശക്തിയുടെ വർദ്ധനവിനായി അപരിമേയമനശ്ശക്തിക്കുടമയായ ശ്രീധർമ്മ ശാസ്താവിനെ ഞാൻ ആശ്രയിക്കുന്നു.

ഭരണലോലുപം – ആഗ്രഹത്തോടെ, ഇഷ്ടപ്പെട്ടു ഭരണം നടത്തുന്നതിനാൽ ഭഗവാൻ ഭരണലോലു പനാണ്. 'അഖിലാണ്ഡകോടി ബ്രഹ്മാണ്ഡ നായകനായ ഭഗവാൻ ഈ പ്രപഞ്ചത്തെ മുഴുവൻ ഭരിച്ചു കൊണ്ടി രിക്കുന്നു. ധർമ്മത്തെ അനുശാസിച്ചു കൊണ്ടിരിക്കുന്ന ധർമ്മശാസ്താവാണ ഭഗവാൻ. അദ്ദേഹം പ്രപഞ്ച ത്തിന്റെ എല്ലാ നിയമങ്ങളും അനുശാസിക്കുന്നു. സൂര്യ ചന്ദ്രന്മാരെല്ലാം എങ്ങിനെ സഞ്ചരിക്കണമെന്ന് നിശ്ചയിക്കുന്നത് ഭഗവാൻ തന്നെ. അഥവാ പ്രപഞ്ച നിയന്താവായ പരമാത്മ ചൈതന്യം തന്നെ ഭഗവാൻ. കഠോപനിഷത്തിൽ പറയുന്നു,

"ഭയാദസ്യാഗ്നിസ്തപതി ഭയാത്തപതി സൂര്യ:
ഭയാദിന്ദ്രശ്ച വായുശ്ച മൃത്യുർ ധാവതി പഞ്ചമ:".

ഭരണലോലുപനായ ഭഗവാന്റെ അനുശാസനം തെറ്റിച്ചാൽ അദ്ദേഹം കോപിച്ചാലോ എന്ന ഭയം കൊണ്ട് അഗ്നി ചൂടു നൽകുന്നു, സൂര്യൻ ചൂടു നൽകുന്നു, ഇന്ദ്രനും വായുവും അവരവരുടെ ധർമ്മം അനുഷ്ഠിക്കുന്നു, അഞ്ചാമതായി കാലം ഓടിക്കൊണ്ടിരിക്കുന്നു.

അതായത് ഈ പ്രാപഞ്ചിക ശക്തികളെ മുഴുവൻ ഭരിച്ചുകൊണ്ടിരിക്കുന്നത് ഭഗവാനാണ്. ഏകദേശം ഇതേ അർത്ഥം തന്നെ വരുന്ന ഒരു മന്ത്രം തൈത്തിരീയോപനിഷത്തിലും കാണാം:

"ഭീഷാസ്മാദ് വാത: പവതേ ഭീഷോദേതി സൂര്യ:
ഭീഷാസ്മാദഗ്നിസ്ചേന്ദ്രശ്ച മൃത്യുർ ധാവതി പഞ്ചമ:."

ഇദ്ദേഹത്തിലുള്ള ഭയം കൊണ്ട് കാറ്റു വീശുന്നു, സൂര്യൻ ഉദിക്കുന്നു, അഗ്നിയും ഇന്ദ്രനും അവരവരുടെ ധർമ്മം അനുഷ്ഠിക്കുന്നു, അഞ്ചാമതായി കാലം ഓടിക്കൊണ്ടിരിക്കുന്നു.

ഇതിൽ നിന്നെല്ലാം നാം മനസ്സിലാക്കേണ്ടത് ഈ പ്രപഞ്ചത്തിന്റെയെല്ലാം നിയന്താവ്, ശാസകൻ, ശാസിതാവ്, ശാസ്താവാണ്. ശബരിമലയിൽ കുടി കൊള്ളുന്ന ശ്രീധർമ്മശാസ്താവ് എന്നാണ്. അങ്ങിനെയുള്ള ഹരിഹരാത്മജനായ ആ ദേവനെ ഞാൻ ആശ്രയിക്കുന്നു. നമ്മെ സംബന്ധിച്ചിടത്തോളം സമർത്ഥമായ കർത്തവ്യപാലനമാണ് ഭരണലോലുപത്വം. ഭരണലോലുപനായ ഭഗവാനെ ആശ്രയിക്കുന്നവർ കർത്തവ്യപാലനത്തിൽ കുശലന്മാരായി ഭവിക്കും.

അടുത്ത പദം 'നൃത്തലാലസം'. നാം സാധാരണ കേട്ടു പരിചയിച്ചിട്ടുള്ളത് 'നർത്തനാലസം' എന്നാണ്. ആ പദത്തിന് ആലസ്യത്തോടെ, അലസമായി നൃത്തം ചെയ്യുന്നവൻ എന്നാണർത്ഥം. ഭഗവാൻ അങ്ങിനെ അലസമായി, ലാഘവത്തോടെ നൃത്തം ചെയ്യുന്നവനാണെന്നു സങ്കല്പിക്കാൻ സാദ്ധ്യമല്ല. വളരെ ശ്രദ്ധയോടെയെന്നോണം, ഒരു ചുവടും പിഴക്കാതെ സദാ നൃത്തം ചെയ്യുന്നവനാണ്. നിത്യനർത്തനനാണു ഭഗവാൻ എന്ന് കഴിഞ്ഞ ശ്ലോകത്തിൽ കണ്ടത് അനുസ്മരിക്കുക. ആനന്ദചിത്തനായി, സന്തോഷത്തോടെ, ഉല്ലാസത്തോടെ ആനന്ദനൃത്തം ചെയ്യുന്ന ഭഗവാനെ അലസമായി നൃത്തം ചെയ്യുന്നവനായി വ്യാഖാനിക്കുന്നതിനെക്കാൾ എത്രയോ ഉത്തമമാണ്, ഭഗവാനെ ഏറ്റവും ശ്രദ്ധയോടെ, ആനന്ദത്തോടെ, പൂർണമായും ലയിച്ച് ഉല്ലസിച്ച നൃത്തം ചെയ്യുന്നവനായി കാണുന്നത്. അങ്ങിനെയുള്ള ഭഗവാനെ ഞാൻ ആശ്രയിക്കുന്നു. അതിനാൽ നമുക്ക് 'നർത്തനാലസം' എന്നതു തിരുത്തി 'നൃത്തലാലസം' എന്നു പാടാം. ഈ അഷ്ടകത്തിൽ തന്നെ ഗീതലാലസം എന്ന പ്രയോഗം വരുന്നുണ്ട്. 'ശ്രീഭൂതനാഥജപം' എന്ന കീർത്തനത്തിൽ ഭഗവാനെ "നൃത്തഗീതവാദ്യതാളലാലസാ" എന്നു സംബോധന ചെയ്തിട്ടുമുണ്ട്.

ഭഗവാൻ നൃത്തലാലസൻ ആയിരിക്കുന്നതു പോലെ നമ്മുടെ ഓരോ കർമ്മവും യാതൊരു വൈക്ലബ്യവുമില്ലാതെ, പൂർണ്ണമനസ്സോടെ ആസ്വദിച്ച് ഉല്ലാസത്തോടെ ചെയ്യാൻ കഴിഞ്ഞാൽ, അതായതു കർമ്മലാലസന്മാരായാൽ നാം കർമ്മകുശലന്മാരാകും. എല്ലാം വിജയത്തിലെത്തിക്കാൻ നമുക്കു കഴിയും. അതിനു ഭഗവാൻ അനുഗ്രഹിക്കട്ടെ.

അരുണ ഭാസുരം – ഭാസുരൻ എന്നാൽ പ്രകാശിക്കുന്നവൻ, അരുണഭാസുരൻ അരുണ വർണ്ണത്തിൽ പ്രകാശിക്കുന്നവൻ. അരുണ വർണ്ണത്തിന് പല

അർത്ഥങ്ങൾ കാണാം. ഇളംചുവപ്പ്, കുങ്കുമം, സ്വർണ്ണനിറം, അഗ്നിവർണ്ണം എന്നൊക്കെ. എല്ലാം ഏകദേശം ഒരേ തരത്തിലുള്ള നിറങ്ങൾ തന്നെ. അങ്ങിനെയുള്ള അഗ്നിവർണ്ണനാണ് ഭഗവാൻ. അരുണനെന്നാൽ സൂര്യന്റെ തേരാളി. ഉദിച്ചു വരുന്ന സൂര്യനിൽ നിന്നും ആദ്യം ഭൂമിയിൽ പതിക്കുന്നത് അരുണകിരണങ്ങളാണ്. പ്രഭാതാകാശത്തിന്റെ നിറം അരുണവർണ്ണം. മഹാവിഷ്ണുവിനു നീലനിറം, ശിവനു ശ്വേതവർണ്ണം, ദേവിക്ക് ചുവപ്പു നിറം എന്നൊക്കെ സങ്കൽപ്പങ്ങൾ ഉണ്ട്. ഭഗവാനു സ്വർണ്ണ നിറം എന്ന് ഈ ശ്ലോകം സൂചിപ്പിക്കുന്നു. അങ്ങിനെ അരുണ ഭാസുരനായ ഭഗവാനെ ഞാൻ ആശ്രയിക്കുന്നു. (വെളുപ്പ്, നീല തുടങ്ങിയ നിറങ്ങളിലും ഭഗവാന്റെ ചിത്രീകരണങ്ങൾ ചില അയ്യപ്പസാഹിത്യങ്ങളിൽ കാണപ്പെടുന്നുണ്ട്).

ഭൂതനായകം: ശിവപാർഷദന്മാരെ ശിവഭൂതങ്ങൾ എന്നു ശൈവസാഹിത്യത്തിൽ വ്യവഹരിക്കപ്പെട്ടിരിക്കുന്നു. അവർ കൈലാസവാസിയായ ശ്രീധർമ്മ ശാസ്താവിനെയും സേവിക്കുന്നു. അതിനാൽ അദ്ദേഹത്തെ അവരുടെ നായകനായി ചിത്രീകരിക്കുന്നു.

ഭൂതം എന്ന പദത്തിന് ഭവിച്ചത്, ഉണ്ടായത് എന്നർത്ഥം. അതായത് സചേതനങ്ങളോ അചേതനങ്ങളോ ആയ എല്ലാ സൃഷ്ടികളും ഭൂതങ്ങളാണ്. ഭൂതനായകൻ അവരുടെയെല്ലാം നായകനാണ്. ആകാശം, വായു, അഗ്നി, ജലം, പൃഥ്വി എന്നീ പഞ്ച ഭൂതങ്ങളേക്കൊണ്ടാണ് ഈ പ്രപഞ്ചം സൃഷ്ടി ക്കപ്പെട്ടിരിക്കുന്നത്. അതിനാലാണതിനു പ്രപഞ്ചം എന്ന പേരുണ്ടായത്. അതിനാൽ ഭൂതനായകന് പ്രപഞ്ചനായകൻ, പരമാത്മാവ് എന്നർത്ഥം.

സകലശരീരങ്ങളും പഞ്ചഭൂതനിർമ്മിതമാണ്. അതിനാൽ ദേഹത്തിന്റെ നാഥനായി ശരീരത്തിൽ വസിക്കുന്ന ജീവാത്മാവും ഭൂതനായകൻ തന്നെ. ഭൂതനായകനായ ഭഗവാൻ തന്നെയാണ് ജീവാത്മാവും പരമാത്മാവും എന്ന അറിവ് ജീവാത്മപരമാത്മ ഐക്യം എന്ന അദ്വൈതസിദ്ധാന്തത്തിലേയ്ക്ക് നമ്മെ നയിക്കുന്നു. ശ്രീഭൂതനായകസമാശ്രയത്തിലൂടെ നമുക്ക് ഈ അദ്വൈതജ്ഞാനപ്രാപ്തിയിലെത്താൻ കഴിയട്ടെ!

ആശ്രയം, രക്ഷയും രക്ഷാസങ്കേതവുമാണ്. ഭഗവാനാണു നമുക്കു രക്ഷയും ആശ്രയസ്ഥാനവും. ശരണ കീർത്തനങ്ങൾ പാടുന്ന നാം ഭൂതനായകനും ഹരിഹരാത്മജനുമായ ഭഗവാന്റെ സംരക്ഷണത്തിൽ ശക്തമാനസന്മാരും ഭരണലോലുപന്മാരും കർമ്മലാലസന്മാരും അദ്വൈതജ്ഞാനികളുമായി പ്രശോഭിക്കുന്നവരായി ഭവിക്കട്ടെ!

(തുടരും)

——————————————

# ധർമ്മശാസ്ത്രങ്ങൾ (സ്മൃതികൾ)

(ഡോ. പി. വി. വിശ്വനാഥൻ നമ്പൂതിരി,
റിട്ട. സംസ്കൃതം പ്രൊഫസർ,
ബസേലിയസ് കോളേജ്, കോട്ടയം)



ധർമ്മത്തെക്കുറിച്ചുള്ള അനേകം നിർവചനങ്ങൾ പലയിടത്തും നമ്മൾ കേട്ടിട്ടുണ്ട്. ഇതൊക്കെ ധർമ്മത്തിന്റെ സ്വാഭാവിക ഭാവമാണ്. 'ധൃഞ്' ധാരണ പോഷണയോഃ. 'ധൃഞ്' എന്ന ധാതുവിന് 'ധാരണ പോഷണങ്ങൾ' എന്നാണ് അർത്ഥം. ധാരണ – ധരിക്കുക / നിലനിർത്തുക. പോഷണം പരിപോഷിപ്പിക്കുക / വളർത്തുക. ഈ പ്രപഞ്ചത്തിന്റെ നിലനില്പും പരിപോഷണവും യാതൊന്നു കൊണ്ടാണോ ഉണ്ടാകുന്നത് അതാണ് ധർമ്മം.

"ധ്രിയതേ പുണ്യാത്മഭീരിതി ധർമ്മഃ" – പുണ്യാത്മാക്കളാൽ ധർമ്മം ധരിക്കപ്പെടുന്നു (നില നിർത്തപ്പെടുന്നു). പ്രപഞ്ചത്തിന്റെ നിലനിൽപ്പും (ധാരണ) പരിപോഷണവും (പോഷണ) – അതിന്റെ സത്തയെ, ഉണ്മയെ നിലനിർത്തുന്നതും പരിപോഷി പ്പിക്കുന്നതും – ധർമ്മമാണ്. ഇതിനുവേണ്ടി ചെയ്യുന്ന തെല്ലാം ധർമ്മം തന്നെ. അതു കൊണ്ടാണ് 'ധാരണ പോഷണങ്ങൾ' എന്നീ അർത്ഥങ്ങളിൽ ധർമ്മം എന്ന പദം പ്രയോഗിക്കുന്നത്. പ്രപഞ്ചത്തെ നില നിറുത്തു ന്നത് ധർമ്മവും, നശിപ്പിക്കുന്നത് അധർമ്മ വുമെന്നു പറയാം. ഇവിടെയാണ് ധർമ്മാധർമ്മങ്ങൾ തമ്മിലുള്ള വ്യത്യാസം പ്രകടമാകുന്നത്.

വേദങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞു വന്നതാണ് ധർമ്മാചരണങ്ങളെല്ലാം. വേദങ്ങളിലെ പല സൂക്ത ങ്ങളിലും മന്ത്രങ്ങളിലും പ്രത്യക്ഷമായും പരോക്ഷമായും ഇവയുടെ സൂചനകളുണ്ട്. വളരെ ബൃഹത്തായ നാലുവേദങ്ങളിൽ പലയിടത്തും ധർമ്മാചാരത്തെ ക്കുറിച്ചും അനുഷ്ഠാനങ്ങളെ കുറിച്ചും ധാരാളം പരാമർശിച്ചിട്ടുണ്ട്. പക്ഷെ വേദങ്ങൾ മുഴുവൻ വായിച്ച് ധർമ്മസംബന്ധിയായ വിഷയങ്ങൾ മനസ്സിലാക്കുക വളരെ പ്രയാസമാണ്. അതിനാൽത്തന്നെ പില്ക്കാല ഋഷിമാർ വേദങ്ങളിലുള്ള ഈ ഭാഗങ്ങൾ തേടിയെടുത്ത്, എളുപ്പം മനസ്സിലാകുന്ന രീതിയിൽ അടുക്കിലും ചിട്ടയിലും ഗ്രന്ഥരൂപം നല്കിയ താണ് ധർമ്മശാസ്ത്രം. വേദങ്ങൾ മുഴുവൻ പഠിക്കാതെ തന്നെ ധർമ്മങ്ങളെക്കുറിച്ച്

എളുപ്പത്തിൽ മനസ്സിലാ ക്കാൻ ധർമ്മശാസ്ത്രം പഠിച്ചാൽ മതി എന്നതാണ് ഇതിന്റെ പ്രധാന നേട്ടം. പ്രപഞ്ചത്തിന്റെനിലനില്പിന്വേണ്ടിനിത്യജീവിതത്തിൽ മനുഷ്യർ അനുഷ്ഠിക്കേ ണ്ടതായ പുണ്യാത്മകമായ പദ്ധതികളാണ് ധർമ്മശാസ്ത്രങ്ങൾ.

ധർമ്മങ്ങൾ മൂന്നു വിധത്തിലാണ് നമുക്ക് ലഭിച്ചിട്ടുള്ളത്: 'ശ്രൗതം, ഗൃഹ്യം, ധർമ്മം'. ധർമ്മ ശാസ്ത്രങ്ങൾ പലയിടത്തുനിന്നും പല വിഷയങ്ങൾ ക്രോഡീകരിച്ചവയാണ്. അതുകൊണ്ടാണ് ബഹുവ ചനമായി 'ധർമ്മശാസ്ത്രങ്ങൾ'. എന്നു പറയുന്നത്. 'ശ്രൗതം' എന്നാൽ ശ്രുതിയായി ലഭിച്ചത് എന്നർത്ഥം. വേദങ്ങളിൽ പറഞ്ഞിട്ടുള്ള യജ്ഞാദി അനുഷ്ഠാനങ്ങ ളെയാണ് ശ്രൗതം എന്ന് പറയുന്നത്. ഗൃഹത്തിൽ അനുഷ്ഠിക്കേണ്ട ആചാരങ്ങളും അനുഷ്ഠാനങ്ങളും എന്തെന്ന് വ്യക്തമാക്കുന്നതാണ് 'ഗൃഹ്യം'. ശ്രൗതസൂത്രം,ഗൃഹ്യസൂത്രം,ധർമ്മസൂത്രം,ശുല്ബസൂത്രം എന്നിങ്ങനെ ഇവയെ നാലായി വിഭജിച്ചിരിക്കുന്നു. ഇവയിൽ ധർമ്മത്തെ കുറിച്ച് മാത്രമാണ് ഇവിടെ പറയുന്നത്.

## സ്മൃതികൾ

ധർമ്മശാസ്ത്രങ്ങൾ വ്യാഖ്യാനിച്ച നല്കുന്ന കൃതികൾക്ക് മറ്റൊരു പേരുണ്ട് - സ്മൃതികൾ. പല കാലങ്ങളിൽ പല സ്മൃതികൾ ഉണ്ടായിട്ടുണ്ട്. കാലഘ ട്ടത്തിനനുസരിച്ച് വേദങ്ങളിൽ പറഞ്ഞിരിക്കുന്ന ആചാര ങ്ങളും, അനുഷ്ഠാനങ്ങളും എങ്ങനെ നിലനിർത്തണം എന്നാണ് സ്മൃതികൾ കാണിച്ചു തരുന്നത്. വേദാർത്ഥങ്ങൾക്കു വിരോധമായതൊന്നും സ്മൃതികളിൽ കാണില്ല എന്ന് നിശ്ചയമാണ്. വേദങ്ങൾ ഒരിക്കലും മാറ്റമുണ്ടാകില്ലെങ്കിലും, സ്മൃതികൾ എക്കാലവും നിലനില്ക്കുന്നവയല്ല. ആചാരങ്ങളും അനുഷ്ഠാനങ്ങളും കാലാനുസൃതമായി പരിഷ്കരിക്കേണ്ടി വരുമ്പോൾ, അവയ്ക്കനുസരിച്ച് പുതിയ സ്മൃതികളും ഉണ്ടാകാറുണ്ട്. യുഗങ്ങൾ മാറിവരുമ്പോൾ, അതിൽ തന്നെ, കാലഘട്ടങ്ങൾ മാറുമ്പോൾ, വേദങ്ങളിൽ പറഞ്ഞ ആചാരാനുഷ്ഠാനങ്ങൾ അതേപോലെ അനുഷ്ഠിക്കുക എന്നത് സാധ്യമല്ലാതെ വരും. അവയ്ക്കു വേണ്ടതായ ഉപകരണങ്ങൾ,സാഹചര്യങ്ങൾ,ജീവിതസൗകര്യങ്ങൾ എന്നിവയൊക്കെ കാലമേറെ കഴിയുമ്പോൾ കിട്ടിയെന്നു വരില്ല. അങ്ങനെ വരുമ്പോൾ, വേദങ്ങളുടെ മഹനീയമായ ചിന്തകൾക്ക് കോട്ടം വരാതെ, അനുഷ്ഠാനങ്ങളെ സ്മൃതികൾ നവീകരിക്കുന്നു. ഉദാഹരണമായി വേദം ശൗചത്തിനായി വിധിച്ച ഒരു വസ്തു കാലമേറെ കഴിയുമ്പോൾ കിട്ടാനേയില്ല എങ്കിൽ അതിനുപകരം ഏതു വസ്തു ശൗചത്തിനായി ഉപയോഗി

ക്കാമെന്ന കാലോചിതമായ പരിഹാരം സ്മൃതി നിർദ്ദേശിക്കുന്നു. ശൗചം എന്ന ആചാരം മാറ്റാൻ പറ്റുകയില്ല. അത് വേദവിധിയാണ്. പക്ഷെ അതിനുവേണ്ട ഉപകരണങ്ങളിൽ കാലോചിതമായ മാറ്റം വരുത്താൻ സ്മൃതികൾക്ക് അധികാരമുണ്ട്. സ്മൃതികൾ എപ്പോഴും ശ്രുതികൾക്ക് അനുകൂലമായിരിക്കണം. ഒരിക്കലും പ്രതി കൂലമായി ഭവിക്കരുത്. വേദങ്ങളില്പറഞ്ഞ ആചാരാനുഷ്ഠാനങ്ങൾ വേദത്തിന്റെ വിധിയും ലക്ഷ്യവും നഷ്ടപ്പെടാതെ ഇന്നും പിന്തുടരണമെങ്കിൽ എന്തുവേണം എന്ന ചോദ്യത്തിന് ഉത്തരമായാണ് ഋഷിമാർ സ്മൃതികളിൽ വിഭാവനം ചെയ്തത്.

നിത്യജീവിതത്തിൽ പ്രായോഗികമായി ശ്രുതികളെ (വേദങ്ങളെ) ആചരിക്കാൻ സ്മൃതികൾ നമ്മെ പ്രാപ്തരാക്കുന്നു. ആധുനിക ജീവിതരീതിയിൽ വേദാചരണം എങ്ങിനെ പ്രായോഗികമാക്കാമെന്ന് സ്മൃതികൾ നമ്മെ പഠിപ്പിക്കുന്നു. വേദങ്ങൾ പഠിച്ചാലും സ്മൃതികൾ കൂടി മനസ്സിലാക്കിവേണം ഇവയിലെ ആചാരങ്ങൾ അനുഷ്ഠിക്കേണ്ടത്. വേദാർത്ഥങ്ങൾ പലതും ഇന്നത്തെ മാറിയ കാലഘട്ടങ്ങളിൽ പ്രാവർത്തികമാക്കാൻ സാധിക്കാതെ വരാം. ഈ സന്ദർഭങ്ങളിൽ സ്മൃതികളിൽ നല്കുന്ന വിധിക്കനുസരിച്ച പ്രവർത്തിക്കാൻ സാധിക്കും. ഓരോരോ കാലഘട്ടങ്ങളിൽ ഇത്തരത്തിൽ പല സ്മൃതികളും ഉണ്ടായിട്ടുണ്ട്. ഇവയിൽ പലതും നമുക്ക് ലഭ്യമല്ല. പണ്ട് ഒട്ടേറെ സ്മൃതികൾ ഉണ്ടായിരുന്നു എന്നത് പില്ക്കാല സ്മൃതികളിൽ കാണുന്ന പരാമർശങ്ങൾ കൊണ്ടുമാത്രം അറിയാനിടവന്നിട്ടുണ്ട്. പക്ഷെ അത്തരത്തിൽ പരാമർശിക്കപ്പെട്ട പല സ്മൃതികളും ഇപ്പോൾ ലഭ്യമല്ല.

നമുക്ക് ലഭ്യമായ സ്മൃതികളിൽ ഏറ്റവും പ്രധാനം മനുസ്മൃതിയാണ്. ഭാരതീയർക്ക് ഏറ്റവും പരിചിതവും മനുസ്മൃതി തന്നെ. മനുവിനാൽ രചിക്കപ്പെട്ടതുകൊണ്ട് മനുസ്മൃതി എന്ന് അറിയപ്പെടുന്നു. മനുസ്മൃതി അല്ലാതെ മറ്റനേകം സ്മൃതികൾ വിവിധ കാലഘട്ടങ്ങളിൽ ഉണ്ടായിട്ടുണ്ട്. യാജ്ഞവല്ക്യൻ, വിഷ്ണു, അത്രി, ഹാരീതൻ, അംഗിരസ്, യമൻ, ആപസ്തംഭൻ, വസിഷ്ഠൻ, കാത്യായനൻ, ബൃഹസ്പതി, പരാശരൻ, വ്യാസൻ, ഗൗതമൻ എന്നിങ്ങനെ പല ഋഷിമാരും സ്മൃതികൾ രചിച്ചിട്ടുണ്ട്. പക്ഷെ ഇവയിൽ പലതും ഇന്ന് ലഭ്യമല്ല. ഇവയിൽ യാജ്ഞവല്ക്യസ്മൃതി ലഭ്യമാണ്. ഗൗതമസ്മൃതിയിലെയും ആപസ്തംഭസ്മൃതിയിലെയും ചില ഭാഗങ്ങൾ ലഭ്യമാണ്. ഇങ്ങനെ ഏതാണ്ട് പന്ത്രണ്ടോളം സ്മൃതികാരന്മാരുടെ പേരുകൾ ലഭ്യമാണെങ്കിലും ഇവർ രചിച്ച മിക്ക സ്മൃതികളും ഇന്ന് ലഭ്യമല്ല. മനുസ്മൃതി പൂർണമായും ലഭ്യമാണ്. നമ്മുടെ നിത്യജീവിതവുമായി ഏറെ ബന്ധമുള്ള, അതേസമയം "മനുസ്മൃതി കത്തിച്ചു കളയണം" എന്നുവരെ വിമർശനങ്ങൾ വന്ന

മനുസ്മൃതിയിലെ ചില ഭാഗങ്ങൾ അടുത്ത ലക്കത്തിൽ പരിചയപ്പെടുത്താം..

(തുടരും)

————————————————————————

# ഇരുമുടിക്കെട്ട്

(തന്ത്രി ബ്രഹ്മശ്രീ കണ്ഠരരു രാജീവരരു)



'ഇരുമുടിക്കെട്ട്" തയ്യാറാക്കുമ്പോൾ താഴെ പറയുന്ന സാധനങ്ങൾ മാത്രമേ ഉപയോഗിക്കാവൂ എന്നാണ് ശബരിമല തന്ത്രിയുടെ നിർദ്ദേശം.

ഇരുമുടിക്കെട്ടിന് മുൻകെട്ട്, പിൻകെട്ട് എന്നീ രണ്ട് ഭാഗങ്ങളുണ്ട്. മുൻഭാഗം പൂജാ സാധനങ്ങളും, പിൻഭാഗം തീർഥാടനവേളയിൽ ഭക്തർക്ക് അത്യാവശ്യമായ സാധനങ്ങൾ സൂക്ഷിക്കുന്നതിനു മുള്ളതാണ്.

ഇരുമുടിക്കെട്ടിന്റെ മുൻഭാഗത്ത് മുദ്ര / നെയ്യ് നിറച്ച നാളികേരം, (നെയ് തേങ്ങ), പായസം/ പ്രസാദം തയ്യാറാക്കാൻ വേണ്ടി ചെറിയ അളവിൽ അരിയും ശർക്കരയും കൊണ്ടുപോകാം. പിൻഭാഗത്ത് ചെറിയ അളവിൽ അരിയും ഒരു തേങ്ങയും കൊണ്ടുപോകാം.

ശബരിമലയിൽ കൊണ്ടുവന്ന് ക്ഷേത്രത്തിന് ചുറ്റും വലിച്ചെറിയുന്ന മറ്റെല്ലാം, ഒരു പ്രയോജനവുമില്ലാതെ ആത്യന്തികമായി കത്തിച്ച് കളയുന്നു. അതിനാൽ മുകളിൽ പറഞ്ഞവ ഒഴികെയുള്ള അത്തരം വസ്തുക്കൾ ഒഴിവാക്കാൻ ശ്രമിക്കുക.

ശബരിമലയിൽ ഒട്ടും ഉപയോഗിക്കാത്ത, മുകളിൽ പറഞ്ഞവ ഒഴികെയുള്ള പല വസ്തുക്കളും അടങ്ങിയ ഇരുമുടിക്കെട്ട് പാക്കേജായി വിൽക്കുന്ന കടകളുണ്ട്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ ഒഴിവാക്കാൻ ശ്രമിക്കുക. ശബരിമലയിലേക്ക് മറ്റെന്തെങ്കിലും കൊണ്ടു പോകുകയാണെങ്കിൽ, സന്നിധാനത്തോ സമീപ പ്രദേശങ്ങളിലോ വലിച്ചെറിയാതെ എല്ലാ സാധനങ്ങളും തിരികെ കൊണ്ടുപോകുന്നുവെന്ന് ഉറപ്പാക്കുക.


പനിനീർ, കർപ്പൂരം, മഞ്ഞൾപ്പൊടി മുതലായവ പ്ലാസ്റ്റിക് കവറുകളിൽ ഭക്തർ കൊണ്ടുവരുന്ന പ്രവണതയുമുണ്ട്. ഇരുമുടിയിൽ കൊണ്ടുവരുന്ന ഇവയൊന്നും അവിടെ ഉപയോഗിക്കുന്നില്ല. ഇത്തരം

വസ്തുക്കളും ഒഴിവാക്കണം, ശബരിമലയിലും പരിസരങ്ങളിലും വസിക്കുന്ന വന്യമൃഗങ്ങൾക്കും, പരിസ്ഥിതിക്കും ആത്യന്തികമായി ദോഷം വരുത്തുന്ന പ്ലാസ്റ്റിക് വസ്തുക്കളൊന്നും ശബരിമലയിലേക്ക് കൊണ്ടുപോകുന്നില്ലെന്ന് ഉറപ്പാക്കുക.

അതിനാൽ ശബരിമല ക്ഷേത്രത്തിന്റെയും പൂങ്കാവനമുൾപ്പെടെയുള്ള പരിസരങ്ങളുടെയും പവിത്രത കാത്തുസൂക്ഷിക്കുന്നതിന്, അനാവശ്യമായ സാധനങ്ങൾ, പ്രത്യേകിച്ച് പ്ലാസ്റ്റിക് വസ്തുക്കൾ കൊണ്ടുപോകാതിരിക്കാൻ ശ്രദ്ധിക്കുക. ശബരിമല ക്ഷേത്രത്തിന്റെ പവിത്രത സംരക്ഷിക്കാൻ നമുക്ക് സഹകരിക്കാം.. സ്വാമി ശരണം...

---

## നമ്മുടെ പൈതൃകം - പാലിതാന ക്ഷേത്രങ്ങൾ



ഇന്ത്യയിൽ ഗുജറാത്തിലെ ഭാവ്നഗർ ജില്ലയിൽ പാലിതാനയ്ക്കടുത്തുള്ള ശത്രുഞ്ജയ കുന്നുകളിൽ സ്ഥിതി ചെയ്യുന്ന ജൈന ക്ഷേത്രങ്ങളുടെ വലിയ സമുച്ചയങ്ങളാണ് പാലിതാന ക്ഷേത്രങ്ങൾ. ചരിത്ര ഗ്രന്ഥങ്ങളിൽ 'കത്തിയവാഡിലെ പദ് ലിപ്താപൂർ' എന്നും അറിയപ്പെടുന്നു, ഇവിടെയുള്ള ഏകദേശം 1000 ക്ഷേത്രങ്ങളുടെ ഇടതൂർന്ന ശേഖരം മൂലം പാലിതാനയെ "ക്ഷേത്രങ്ങളുടെ നഗരം" എന്ന് വിളിക്കുന്നു.

ജൈനമതത്തിലെ ശ്വേതാംബര പാരമ്പര്യത്തിന്റെ ഏറ്റവും പവിത്രമായ സ്ഥലങ്ങളിൽ ഒന്നാണിത്. CE 11-ആം നൂറ്റാണ്ടിലും അതിനുശേഷവും നിർമ്മിച്ചതാണ് ഈ ക്ഷേത്രങ്ങൾ.

ഒമ്പത് കൂട്ടങ്ങളിലായി പരന്നുകിടക്കുന്ന കുന്നുകളിൽ ഏകദേശം 1000 ക്ഷേത്രങ്ങൾ പാലിതാന സൈറ്റിലുണ്ട്. ആദ്യത്തെ തീർത്ഥങ്കരനായ ഋഷഭ നാഥനാണ് പ്രധാന ക്ഷേത്രം സമർപ്പിച്ചിരിക്കുന്നത്; ശ്വേതാംബര മൂർത്തിപൂജക വിഭാഗത്തിന്റെ ഏറ്റവും പവിത്രമായ ക്ഷേത്രമാണിത്. ഇതിന്റെ നിർമ്മാണത്തിന് അസംസ്കൃത പദാർത്ഥമായി ഏറ്റവും കൂടുതൽ ഉപയോഗിച്ചിരിക്കുന്നത് മാർബിൾ ആണ്. ലക്ഷക്കണക്കിന് തീർഥാടകരെ ആകർഷിക്കുന്ന മലമുകളിലെ വിവിധ വരമ്പുകളിലായി

ടോങ്കസ് (ടക്സ്) എന്ന് വിളിക്കപ്പെടുന്ന ഗ്രൂപ്പുകളായി മലമുകളോട് ചേർന്നാണ് പാലിതാന ക്ഷേത്ര സമുച്ചയം.

നേമിനാഥൻ ഒഴികെയുള്ള 24 ജൈന തീർത്ഥങ്കരന്മാരിൽ 23 പേരും തങ്ങളുടെ സന്ദർശനത്തിലൂടെ പാലിതാന കുന്നുകളെ വിശുദ്ധീകരിച്ചതായി ജൈനമതം വിശ്വസിക്കുന്നു. അതുകൊണ്ട് ഈ പരിസരം ജൈനപാരമ്പര്യപ്രകാരം പ്രാധാന്യം അർഹിക്കുന്നു. ഏകദേശം 3500 പടികളുള്ള മലയോര പാതയിലൂടെ കൽപ്പടികൾ കയറിയാണ് മിക്ക തീർത്ഥാടകരും സന്ദർശകരും ഈ ക്ഷേത്രങ്ങളിൽ എത്തിച്ചേരുന്നത്. ചിലർ ക്ഷേത്ര സമുച്ചയത്തിലേക്ക് പോകുന്നതിനായി കുന്നുകളുടെ അടിവാരത്തുള്ള പട്ടണത്തിൽ പല്ലക്ക് വാടകയ്ക്കെടുക്കുന്നു. ഝാർഖണ്ഡിലെ ശിഖർജിയോടൊപ്പം പാലിതാന ക്ഷേത്രങ്ങളും എല്ലാ തീർഥാടന സ്ഥലങ്ങളിലും വെച്ച് ഏറ്റവും പവിത്രമായി ജൈന സമൂഹം കരുതുന്നു. നിർവാണമോ മോക്ഷമോ നേടാൻ ജീവിതത്തിലൊരിക്കലുള്ള അവസരമെന്ന നിലയിൽ ഈ ക്ഷേത്രങ്ങളുടെ സന്ദർശനം അനിവാര്യമാണെന്ന് ജൈനർ വിശ്വസിക്കുന്നു.

ദിഗംബര ജൈനന്മാർക്ക് ഇവിടെ മലമുകളിൽ ഒരു ക്ഷേത്രം മാത്രമേയുള്ളൂ. മലയുടെ അധിദേവതയായി ജൈന യക്ഷിണി (പരിചരണ ദേവത) ആയ ഹിംഗ്രാജ് അംബികാദേവിയെ കണക്കാക്കുന്നു. ക്ഷേത്രനഗരം ദൈവീക വാസസ്ഥലമായി നിർമ്മിച്ചതിനാൽ, പുരോഹിതന്മാർ ഉൾപ്പെടെ ആർക്കും രാത്രി അവിടെ തങ്ങാൻ അനുവാദമില്ല.

പരമ്പരാഗത ഗ്രന്ഥങ്ങളിലും വിശ്വാസങ്ങളിലും, ദശലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുമ്പ്, ആദിനാഥന്റെ (പ്രാദേശികമായി ആദീശ്വരൻ എന്ന് വിളിക്കപ്പെടുന്ന) കാലം മുതൽ ഈ പവിത്രമായ പർവ്വതം ജൈന മതത്തിന് പ്രാധാന്യമർഹിക്കുന്നു. ആദിനാഥൻ തന്നെ 8.4 ദശലക്ഷം വർഷങ്ങൾ ജീവിച്ചിരുന്നു, തന്റെ ദീർഘായുസ്സിൽ പലതവണ ഈ ശത്രുഞ്ജയ മലനിരകളെ സംരക്ഷിക്കുകയും ചെയ്തു. ഏകദേശം 700 ദശലക്ഷം തവണ അദ്ദേഹം ശത്രുഞ്ജയ കുന്നുകൾ സന്ദർശിച്ചിട്ടുണ്ടെന്ന് വിശ്വസിക്കപ്പെടുന്നു. അതിനു ശേഷം, ഋഷഭനാഥനും അദ്ദേഹത്തിന്റെ മകൻ ഭരതനും ഉൾപ്പെടെയുള്ള ജൈനമതത്തിലെ മറ്റ് തീർത്ഥങ്കരന്മാരാൽ ശത്രുഞ്ജയ കുന്നുകളെ വിലമതിക്കുകയും സംരക്ഷിക്കുകയും ചെയ്തു. ഈ കുന്നുകളും പാലിതാനയും ആദിനാഥന്റെ പ്രധാന ക്ഷേത്രത്തിന് ആതിഥ്യം വഹിക്കുന്നു.

CE 14-ആം നൂറ്റാണ്ടിലെ സംസ്കൃത ജൈന

ഗ്രന്ഥമായ ധനേശ്വരയുടെ ശത്രുഞ്ജയ മാഹാത്മ്യം അനുസരിച്ച്, ശത്രുഞ്ജയനിൽ വെച്ച് നടന്ന ഒരു സമ്മേളനത്തിൽ ഇന്ദ്രൻ അഭ്യർത്ഥിച്ചപ്പോൾ, മഹാവീരൻ, ഋഷഭന്റെ ഐതിഹ്യങ്ങൾ പറഞ്ഞു കൊടുത്തു. ഏകദേശം 300 ശ്ലോകങ്ങൾക്ക് ശേഷം, പുസ്തകത്തിൽ ഭാരത വർഷത്തിന്റെ വിവരണം ആരംഭിക്കുന്നു, തുടർന്ന് ശത്രുഞ്ജയന്റെ മഹത്വവും. ഗ്രന്ഥത്തിൽ അതിനെ വളരെ വിശുദ്ധമായി പ്രഖ്യാപിക്കുന്നു എന്ന് മാത്രമല്ല, അതിനെക്കുറിച്ച് ചിന്തിക്കുന്നത് പോലും "അനേകം പാപങ്ങൾ പൊറുക്കുന്നു" എന്നാണ്. പുണ്ഡരിക, സിദ്ധിക്ഷേത്രം, മഹാബല, സുരശൈല, വിമലാദ്രി, പുണ്യരശി, സുഭദ്ര, മുക്തിഗേഹം, മഹാതീർത്ഥം, പാതാളമൂല, കൈലാസം തുടങ്ങി 331 മുതൽ 335 വരെയുള്ള ശ്ലോകങ്ങളിൽ ഈ സ്ഥലത്തിന് 108 ഇതര പേരുകൾ നൽകുന്നു. ഈ പേരുകളിൽ രണ്ടെണ്ണം: ശത്രുഞ്ജയൻ, വിമലാദ്രി എന്നിവയെ പതിനൊന്നാം നൂറ്റാണ്ടിലെ ജൈന പണ്ഡിതനായ ഹേമചന്ദ്രൻ പരാമർശിക്കുന്നു.

ജൈന വിശ്വാസത്തിൽ, ആദ്യത്തെ തീർത്ഥങ്കരനായ ഋഷഭൻ തന്റെ ആദ്യ പ്രഭാഷണം നടത്തിയ ഈ മലയെ വിശുദ്ധീകരിച്ചു. അദ്ദേഹത്തിന്റെ ആദ്യ ശിഷ്യനായ പുണ്ഡരികനാണ് ശത്രുഞ്ജയനിൽ നിർവാണം നേടിയത്, അതിനാൽ ഈ കുന്ന് യഥാർത്ഥത്തിൽ "പുണ്ഡരികഗിരി" എന്നാണ് അറിയപ്പെട്ടിരുന്നത്. വിദ്യാധര കുലത്തിൽ പെട്ട ഒരു മുനിയുടെ സല്ലേഖനത്തിന്റെ സ്മരണയ്ക്കായി സംവത് വർഷം 1064-ൽ (1120 CE) 'ഷേർസ്തി അമ്മേയക' പ്രതിഷ്ഠിച്ച പുണ്ഡരക സ്വാമിയുടെ ഒരു മാർബിൾ ചിത്രം നിലവിലുണ്ട്.

പുണ്ഡരികന്റെ പിതാവും ബാഹുബലിയുടെ അർദ്ധസഹോദരനുമായ ഭരത ചക്രവർത്തി നിരവധി തവണ ശത്രുഞ്ജയൻ സന്ദർശിച്ചതായി ജൈന പുരാണങ്ങളിൽ വിശ്വസിക്കപ്പെടുന്നു. ചില ജൈന സാഹിത്യങ്ങളിൽ, ദശലക്ഷക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് ആദ്യത്തെ ജൈനക്ഷേത്രം ഇവിടെ ഉണ്ടായിരുന്നതായി അവകാശപ്പെടുന്നു.

CE 14-ആം നൂറ്റാണ്ടിൽ ജിനപ്രഭ സൂരി രചിച്ച "വിവിധതീർത്ഥകൽപ"ത്തിൽ, പാലിതാന ക്ഷേത്രങ്ങളിലെ ആരാധനാമൂർത്തികളെയും ഐതിഹ്യങ്ങളെയും വിവരിക്കുന്നു. "വിവിധ തീർത്ഥ കൽപ" പ്രകാരം കുന്തിക്കൊപ്പം പാണ്ഡവരും മോക്ഷം നേടിയത് ഇവിടെയാണ്. ശ്വേതാംബര ജൈനരുടെ കാനോൻ ഗ്രന്ഥങ്ങളിൽ ശത്രുഞ്ജയ പർവ്വതങ്ങളെക്കുറിച്ച് സൂചിപ്പിക്കുന്നുണ്ട്. ഋഷഭന്റെ ചെറുമകനായ പുണ്ഡരികനെ, ശത്രുഞ്ജയ കുന്നുകളുടെയും പാലിതാന


ക്ഷേത്രങ്ങളുടെയും പശ്ചാത്തലത്തിൽ പരാമർശിക്കപ്പെടുന്ന, അതുപോലെ ഹിന്ദുമതത്തിലെ രാമനും, സീതയും, പാണ്ഡവ സഹോദരന്മാരും, ഇവിടെ തീർത്ഥാടനം നടത്തിയതായി പറയപ്പെടുന്നു. അങ്ങനെ, ശ്വേതാംബര ജൈനരുടെ ഏറ്റവും പ്രധാനപ്പെട്ട ഗ്രന്ഥങ്ങളിൽ പാലിതാന ക്ഷേത്രങ്ങളുടെ സമുച്ചയ പരിസരം അംഗീകരിക്കപ്പെട്ട, കൂടാതെ CE 11-ാം നൂറ്റാണ്ടിൽ ഗുജറാത്തിലെ ജൈന പവിത്രമായ ഭൂമിശാസ്ത്രത്തിന്റെ ഭാഗമായിരുന്നു ഇത്.

ജൈന ഗ്രന്ഥങ്ങൾ പ്രകാരം പാലിതാന ക്ഷേത്ര സമുച്ചയത്തിന്റെ മുൻ പതിപ്പുകളുടെ ക്ഷതങ്ങളും നാശങ്ങളും തുർക്കികളാലാണ് (വിവിധ സുൽത്താനേറ്റുകളുടെ മുസ്ലീം സൈന്യങ്ങളുടെ പേര്) സംഭവിച്ചത് എന്ന് പറയുന്നു. ഹിരവിജയസൂരിയുടെ നേതൃത്വത്തിൽ ജൈന സമൂഹത്തിലെ ശ്വേതാംബര മൂർത്തിപൂജകന്മാരാൽ (വിഗ്രഹാരാധകർ) 'തപഗച്ഛ' പാരമ്പര്യങ്ങൾക്കനുസൃതമായി, വീണ്ടും പാലിതാന ക്ഷേത്രങ്ങൾ പുനഃസ്ഥാപിക്കാനും പുതിയ വലിയ ക്ഷേത്രങ്ങൾ പൂർത്തീകരിക്കാനും 1593 CE-ൽ തുടങ്ങി. ഇവിടെ പതിവായി നവീകരണങ്ങൾ നടന്നിട്ടുണ്ട്, അവയിൽ പലതും പതിനാറാം നൂറ്റാണ്ടിലേതാണ്. ഇവിടെ പുതിയ ക്ഷേത്രങ്ങളുടെ നിർമ്മാണം തുടരുന്നു. 16 തവണയെങ്കിലും നവീകരണം നടന്നിട്ടുണ്ട്.

മഹാവീരന്റെ ജന്മദിനമായ "മഹാവീർ ജന്മ കല്യാണക്" ക്ഷേത്ര സമുച്ചയത്തിൽ ആഘോഷിക്കുന്ന ഒരു ശ്രദ്ധേയമായ ഉത്സവമാണ്. അലങ്കരിച്ച കൂറ്റൻ രഥങ്ങളിൽ തീർത്ഥങ്കരന്റെ ചിത്രങ്ങളും വഹിച്ചുകൊണ്ടുള്ള ഒരു ഘോഷയാത്ര ക്ഷേത്രങ്ങളിൽ മതപരമായ ചടങ്ങുകളോടൊപ്പം നടത്തുന്നു. ഉത്സവകാലത്ത് വ്രതാനുഷ്ഠാനം മാത്രമല്ല പാവപ്പെട്ടവർക്ക് ദാനധർമ്മവും നൽകുന്നു.

---

## കഥ: കർമ്മഫലങ്ങൾ



കംസനെ വധിച്ചതിന് ശേഷം ശ്രീകൃഷ്ണൻ തന്റെ അച്ഛനും അമ്മയുമായ വസുദേവനെയും ദേവകിയെയും മോചിപ്പിക്കാൻ ജയിലിലേക്ക് പോയപ്പോൾ മാതാവായ ദേവകി, കൃഷ്ണനോട് ആകാംക്ഷയോടെ ചോദിച്ചു,

“മകനേ, നീ തന്നെ ദൈവമാണ്, നിനക്ക് ദിവ്യശക്തിയുമുണ്ട്; പിന്നെ, ദുഷ്ടനായ കംസനെ കൊന്ന് ഞങ്ങളെ മോചിപ്പിക്കാൻ നീ എന്തിനാണ് പതിനാല് വർഷം കാത്തിരുന്നത്”?

ശ്രീകൃഷ്ണൻ മറുപടി പറഞ്ഞു, “ബഹുമാനപ്പെട്ട അമ്മേ, എന്നോട് ക്ഷമിക്കൂ. പക്ഷേ, അമ്മേ, കഴിഞ്ഞ ജന്മത്തിൽ എന്തിനാണ് എന്നെ പതിനാല് വർഷം കാട്ടിലേക്ക് അയച്ചതെന്ന് പറയാമോ?

അപ്പോൾ ദേവകി വളരെ ആശ്ചര്യപ്പെട്ട്, “കൃഷ്ണാ, ഇത് എങ്ങനെ സാധ്യമാകും? എന്തുകൊണ്ടാണ് നീ ഇത് പറയുന്നത്? എനിക്ക് മനസ്സിലാകുന്നില്ല.”

ശ്രീകൃഷ്ണൻ മറുപടി പറഞ്ഞു, “അമ്മേ, നിങ്ങളുടെ മുൻ ജന്മത്തെക്കുറിച്ച് നിങ്ങൾക്ക് ഒന്നും ഓർമ്മ ഉണ്ടാവില്ല, പക്ഷേ എനിക്ക് കഴിയും. കഴിഞ്ഞ ജന്മത്തിൽ നിങ്ങൾ കൈകേയി ആയിരുന്നു, നിങ്ങളുടെ ഭർത്താവ് അയോദ്ധ്യയിലെ ദശരഥ രാജാവായിരുന്നു. കൗസല്യയുടെയും, ദശരഥന്റെയും പുത്രനായ രാമനെ നിങ്ങൾ പതിനാല് വർഷം വനവാസത്തിനായി കാട്ടിലേക്ക് അയച്ചു”.

ദേവകി വീണ്ടും വളരെ ആശ്ചര്യപ്പെട്ട് കൗതുകത്തോടെ ചോദിച്ചു, “പിന്നെ, ആരാണ് ഇപ്പോൾ കൗസല്യ, അവർ എവിടെയാണ്?”

ശ്രീകൃഷ്ണൻ മറുപടി പറഞ്ഞു, “കൗസല്യ ഇപ്പോൾ ഗോകുലത്തിലെ യശോദ അമ്മയാണ്. പതിനാല് വർഷത്തെ മാതൃസ്നേഹം കഴിഞ്ഞ ജന്മത്തിൽ നഷ്ടപ്പെട്ട പ്പോൾ അത് ഈ ജന്മത്തിൽ ഗോകുലത്തിൽ വെച്ച് കിട്ടി.”

ഓരോരുത്തരും അവരവരുടെ കർമ്മഫലം അനുഭവിക്കണം, ദൈവങ്ങൾക്ക് പോലും അതിൽ നിന്ന് രക്ഷപ്പെടാൻ കഴിയില്ല. ഏത് തരം കർമ്മമാണ് നിങ്ങൾ സ്വരൂപിച്ചുവെക്കാൻ ആഗ്രഹിക്കുന്നതെന്ന് സ്വയം നിരീക്ഷിച്ച് തീരുമാനിക്കുക. ധാർമ്മികമായ രീതിയിൽ നിങ്ങളുടെ കർമ്മം ശ്രദ്ധാപൂർവ്വം ചെയ്യുക.

---

## സാധനയിൽ മാർഗ്ഗദർശനം നൽകാൻ ഗുരു ആവശ്യം

(അമ്മ – സദ്ഗുരു ശ്രീ മാതാ അമൃതാനന്ദമയീ ദേവി )



എങ്ങനെ ധ്യാനിക്കണം, എത്ര സമയം

ധ്യാനിക്കണം എന്നൊക്കെ ഒരു ഗുരുവിൽനിന്നു മനസ്സിലാക്കുന്നതാണ് ഉത്തമം. ധ്യാനം എന്നത് ഒരു ടോണിക്കു പോലെയാണ്. ടോണിക്കു കഴിക്കുന്നതിന് ഒരു ക്രമമുണ്ട്. ക്രമം തെറ്റിച്ച് കുടിച്ചാൽ അപകടമാണ്. ശരീരപുഷ്ടിക്കുള്ളതാണെങ്കിലും മിക്ക ടോണിക്കും ഡോക്ടറുടെ നിർദ്ദേശമനുസരിച്ചേ കഴിക്കുവാൻ പാടുള്ളൂ. അതുപോലെ ഗുരുവിന്റെ നിർദ്ദേശമനുസരിച്ച് വേണം ധ്യാനം ചെയ്യാൻ. ഗുരു നമ്മുടെ ശാരീരികവും മാനസികവുമായ നില എങ്ങനെയുണ്ടെന്നു നോക്കി യതിനു ശേഷമാണു സാധനാക്രമങ്ങൾ നിർദ്ദേശിക്കുന്നത്. ചിലർക്ക് എത്ര ധ്യാനിച്ചാലും ദോഷമില്ല. എന്നാൽ എല്ലാവരുടെയും സ്ഥിതി അങ്ങനെയല്ല. ചിലർ പെട്ടെന്നുള്ള ആവേശത്തിൽ വളരെ സമയം തുടർച്ചയായി ധ്യാനിക്കും, അല്ലെങ്കിൽ ജപിക്കും. ഉറങ്ങാൻകൂടി കൂട്ടാക്കുകയില്ല. യാതൊരു നിയന്ത്രണവും പാലിക്കില്ല. ശാസ്ത്രം മനസ്സിലാക്കിയും അറിവുള്ളവരുടെ നിർദ്ദേശപ്രകാരവും ആയിരിക്കില്ല അവരുടെ ഈ അഭ്യാസം. പെട്ടെന്നുള്ള ഒരാവേശംകൊണ്ടു ചെയ്യുന്നതാണ്. ഇങ്ങനെയാകുമ്പോൾ ഉറക്കം കുറയും. തല ചൂടാകും. കാരണം ശരീരത്തിനു താങ്ങാവുന്നതിലും അധികമാണിത്.

ഒരോരുത്തരുടെയും ശരീരത്തിന്റെയും മനസ്സിന്റെയും നിലയനുസരിച്ച്, അവർക്ക് താങ്ങാവുന്നതിന് ഒരു പരിധിയുണ്ട്. നൂറുപേർ കയറുന്ന വണ്ടിയിൽ അഞ്ഞൂറു പേരെ കയറ്റിയാൽ, അതിനു വലിക്കാൻ പ്രയാസമാണ്. കുറച്ചു ധാന്യങ്ങൾ പൊടിക്കാനുള്ള ചെറിയ മിക്സിയിൽ ഇരട്ടി ധാന്യം പൊടിക്കാനിട്ടാൽ മോട്ടോർ ചൂടായി അതു കേടാകും. തുടർച്ചയായി വീണ്ടും ഓടിച്ചാൽ അതു കത്തി നശിക്കും. ഇതുപോലെ തുടക്കത്തിലുള്ള ആവേശത്തിൽ നിയന്ത്രണം വിട്ടു, ജപധ്യാനവും മറ്റും ശീലിച്ചാൽ, തല ചൂടാകും. മറ്റു അസ്വസ്ഥതകൾ ഉണ്ടാകും. അതിനാലാണ് ഇതെല്ലാം ഗുരുമുഖത്തുനിന്നും മനസ്സിലാക്കിച്ചെയ്യണം എന്നു പറയുന്നത്. "നമ്മിൽ എല്ലാം ഉണ്ട്. നമ്മൾ ഈശ്വരൻ തന്നെ" എന്ന് എല്ലാവരും പറയും. ഇതു വാക്കുകൊണ്ടുള്ള പറച്ചിൽ മാത്രമാണ്. അനുഭവത്തിൽ നിന്നുള്ളതല്ല. ഓരോ ഉപാധിക്കും താങ്ങാൻ പറ്റുന്ന ഒരു അളവുണ്ട്. സീറോ വാട്ട് ബൾബിനു നൂറു വാട്ടിന്റെ പ്രകാശം കിട്ടില്ല. ഓരോരുത്തരുടെയും ഉപാധിയനുസരിച്ച്, ശരീര മനസ്സുകളുടെ കഴിവനുസരിച്ച്, സാധനാനുഷ്ഠാനങ്ങൾക്ക് ഒരു ക്രമമുണ്ട്. ജനറേറ്റർ കറണ്ടു തരും. പക്ഷേ, അതിനു താങ്ങാവുന്നതിലും അധികം ലോഡു കൊടുത്താൽ അതു കത്തിപ്പോകും. ഇതുപോലെ സാധന അനുഷ്ഠിക്കുമ്പോൾ, തന്റെ ശരീരമനസ്സുകൾക്കു താങ്ങാവുന്നതിനപ്പുറം പോകുന്നുണ്ടോ എന്നു ശ്രദ്ധിക്കണം.

ഒരു വണ്ടി വാങ്ങിയാൽ, തുടക്കത്തിൽ, അമിതവേഗതയിൽ ഓടിക്കാൻ പാടില്ല. വേഗത കൂട്ടുന്നതിനു

ചില നിയന്ത്രണങ്ങൾ ഉണ്ട്. അതനുസരിച്ചേ പോകുവാൻ പാടുള്ളൂ. മറിച്ചായാൽ അധികകാലം അതുപയോഗിക്കുവാൻ കഴിയില്ല. ഇതുപോലെയാണു സാധനയുടെ കാര്യവും. ഒരു സാധകൻ തുടക്കത്തിൽ, അമിതമായും ഉറക്കം തീരെ വേണ്ടെന്നു വച്ചും ധ്യാനിക്കാനും ജപിക്കാനും പാടില്ല. ധ്യാനവും ജപവും കർമ്മവും സ്വാദ്ധ്യായവും എല്ലാം ക്രമമായി, ചിട്ടയോടെ കൊണ്ടുപോകണം. മാനസികവിഭ്രാന്തിയുള്ളവരുണ്ട്. അവർ അമിതമായി ധ്യാനിച്ചാൽ ശരീരം ചൂടാകും. അങ്ങനെയായാൽ മനസ്സിന്റെ ഭ്രമം വർദ്ധിക്കുകയേയുള്ളൂ. അവർക്കു കർമ്മമാണു മുഖ്യമായി വേണ്ടത്. മനസ്സിന്റെ വിഭ്രാന്തിയകറ്റുവാൻ ശ്രദ്ധ കർമ്മത്തിലേക്കു തിരിച്ചുവിടണം. ജോലികളിൽ ശ്രദ്ധിക്കുമ്പോൾ മനസ്സ്, അവിടെ കേന്ദ്രീകരിക്കും. ക്രമേണ നിയന്ത്രണത്തിലാകും. അവരെ ജോലി ചെയ്യിക്കാതെ വെറുതെ ഇരുത്തിയാൽ ഒന്നുകൂടി കഷ്ടമാവുകയേയുള്ളൂ. അവർക്കു ടെൻഷൻ അധികമില്ലെങ്കിൽ പത്തുപതിനഞ്ചു മിനിട്ടു ധ്യാനിക്കാം. അതുമതിയാകും.

ഇങ്ങനെ, പല സ്വഭാവക്കാരുണ്ട്. ഓരോരുത്തർക്കും ഓരോ രീതിയാണു നിർദ്ദേശിക്കേണ്ടത്. വെറുതെ പുസ്തകം നോക്കി ധ്യാനം ശീലിച്ചാൽ, ഇതേ രീതിയിലുള്ള നിയന്ത്രണങ്ങൾ സാധിക്കാതെ വരും. അതു കൂടുതൽ പ്രശ്നങ്ങൾ സൃഷ്ടിക്കും. നമ്മൾ ഒരു വീട്ടിൽ ചെന്നു. അവിടെ കടിക്കുന്ന പട്ടിയുണ്ടെന്നു മനസ്സിലായി. നമ്മൾ ഗേറ്റിനു വെളിയിൽ നിന്നു യജമാനനെ വിളിക്കും. യജമാനൻ വന്നു പട്ടിയെ കെട്ടിയതിനുശേഷം നമ്മളെ വിളിക്കുന്നതുവരെ, വെളിയിൽ കാത്തുനില്ക്കും. മറിച്ച്, ഇത്രയും ക്ഷമ കാട്ടാതെ, നേരെ ഗേറ്റുതുറന്നു അകത്തേക്കു കയറിച്ചെന്നാൽ പട്ടിയുടെ കടി കൊള്ളേണ്ടി വരും. അറിവുള്ളവരുടെ നിർദ്ദേശങ്ങൾ സ്വീകരിക്കാതെ, സ്വയം മുന്നോട്ടു പോയാൽ, ഇതുപോലെയുള്ള അപകടങ്ങ ളിൽ ചെന്നു പെടേണ്ടിവരും. സാധകന്റേത് ഒരു യാത്രയാണ്. ക്രൂരജന്തുക്കൾ നിറഞ്ഞ അപകടങ്ങൾ നിറഞ്ഞ, ഒരു വനത്തിൽ കൂടിയുള്ള യാത്രയാണിത്. വഴിയറിയാവുന്ന ഒരാൾ ആവശ്യമാണ്. ഇന്നയിടത്ത് ഇന്നതുണ്ട് എന്നു പറഞ്ഞുതരാൻ ഒരാളു വേണ്ടേ? 'അങ്ങോട്ടു പോകണം, ഇങ്ങോട്ടു പോകരുത്' എന്നിങ്ങനെ, ശരിയായ വഴി കാട്ടിത്തരാൻ ഒരാളു വേണ്ടേ? തന്നിഷ്ടപ്രകാരം നീങ്ങിയിട്ട് ഈശ്വരനെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല.

ഒരാൾ മദ്യപിച്ചു വണ്ടി ഓടിച്ചു. നിയന്ത്രണം വിട്ടു വണ്ടി ഒരാളെ ചെന്നിടിച്ചു. ഡ്രൈവറെ പോലീസ് അറസ്റ്റു ചെയ്തപ്പോൾ, അയാൾ പറയുകയാണ്, "സാറേ, വണ്ടി ചെന്നിടിച്ചത് എന്റെ കുറ്റമല്ല. പെട്രോളിന്റെ കുറ്റമാണ്." ഇതുപോലെയാണ്, നമ്മുടെ അശ്രദ്ധ കൊണ്ടുണ്ടാവുന്ന ഭവിഷ്യത്തുകൾക്കു ഈശ്വരനെ കുറ്റം പറയുന്നത്. ഏതിനും

ഒരു ധർമ്മമുണ്ട്. അതനുസരിച്ചു വേണം നമ്മൾ നീങ്ങുവാൻ. ധ്യാനത്തിനും അതിന്റേതായ രീതിയുണ്ട്. ഓരോ സാധനയ്ക്കും വേണ്ട നിയമങ്ങളും മാർഗങ്ങളും ഗുരുക്കന്മാർ പറഞ്ഞിട്ടുണ്ട്. സാധനാക്രമം നിശ്ചയിക്കേണ്ടതു് ഓരോരുത്തരുടെയും ശരീരത്തിന്റെയും മനസ്സിന്റെയും സ്ഥിതി നോക്കിയാണ്. എല്ലാവർക്കും ഒരേ മാർഗം യോജിക്കില്ല. തിയറി ആർക്കും വായിച്ചു പഠിക്കാം; എന്നാൽ പ്രായോഗിക പരിശീലനം കിട്ടാൻ അതറിയാവുന്ന ഒരാൾ കൂടെയുണ്ടാകണം. തനിയെ പഠിക്കാൻ പ്രയാസമാണ്. അതുപോലെ സാധനയിൽ മാർഗദർശനം നല്കാൻ ഒരു ഗുരു ആവശ്യമാണ്.

----------------------------------------

## ഗുരു അനിവാര്യം

**( ജഗദ്ഗുരു ചന്ദ്രശേഖരേന്ദ്ര സരസ്വതി സ്വാമികൾ, കാഞ്ചി മഠം )**



പഠനം, വിദ്യാസമ്പാദനം യഥാർത്ഥമാകണമെങ്കിൽ, അഹംഭാവം നീക്കം ചെയ്യണം. അഹംഭാവം കളയാതെ നേടുന്ന വിദ്യ അപൂർണ്ണമാണ്, ലക്ഷ്യം നേടുവാൻ സഹായകമാവുകയുമില്ല. അതുകൊണ്ടാണ് ശാസ്ത്രങ്ങളിൽ, സ്വയം പഠിക്കുക, സ്വയം മന്ത്രദീക്ഷ എടുക്കുക, സ്വയം പുണ്യ കർമ്മം നടത്തുക എന്നിവ നിരോധിക്കുകയും ഗുരുവിൽ നിന്ന് ഉപദേശം സ്വീകരിച്ച് ഇവ ചെയ്യണമെന്ന് വിധിക്കുകയും ചെയ്തിരിക്കുന്നത്.

----------------------------------------

## ഭഗവത് ഗീത – ഒന്നാം ആധ്യായം –

**അർജ്ജുനവിഷാദയോഗം – (ശ്ലോകം : 31–35)**



**ശ്ലോകം – 31**

**നിമിത്താനി ച പശ്യാമി**
**വിപരീതാനി കേശവ!**
**ന ച ശ്രേയോനുപശ്യാമി**
**ഹത്വാ സ്വജനമാഹവേ.**

അല്ലയോ കേശവാ, അനുകൂലമല്ലാത്ത നിമിത്തങ്ങളും ഞാൻ കാണുന്നു, യുദ്ധത്തിൽ ബന്ധുജനത്തെ കൊന്നിട്ട് പിന്നെ ശ്രേയസ്സും ഞാൻ കാണുന്നില്ല.

**ശ്ലോകം –32**

**ന കാംക്ഷേവിജയം കൃഷ്ണ!**
**ന ച രാജ്യം സുഖാനി ച**
**കിം നോ രാജ്യേന ഗോവിന്ദ**
**കിം ഭോഗൈർ ജീവിതേന വാ?**

അല്ലയോ കൃഷ്ണ, വിജയം ഞാൻ ആഗ്രഹിക്കുന്നില്ല, രാജ്യത്തേയും സുഖങ്ങളേയും ആഗ്രഹിക്കുന്നില്ല. ഹേ, ഗോവിന്ദ, ഞങ്ങൾക്ക് രാജ്യംകൊണ്ട് എന്തു ഫലം. സുഖാനുഭവങ്ങൾ കൊണ്ടോ, ജീവിതംകൊണ്ട് തന്നെയാകട്ടെ എന്തു (പ്രയോജനം)?

**ശ്ലോകം – 33**

**യേഷാമർത്ഥേ കാംക്ഷിതം നോ**
**രാജ്യം ഭോഗൈസ്സുഖാനി ച**
**ത ഇമേവസ്ഥിതാ യുദ്ധേ**
**പ്രാണാംസ്ത്യക്ത്വാ ധനാനി ച**

ഞങ്ങൾക്ക് യാതൊരുവർക്ക് വേണ്ടിയാണോ രാജ്യവും ഭോഗങ്ങളും സുഖങ്ങളും ആഗ്രഹിക്കപ്പെട്ടത്, അങ്ങനെയുള്ള ഇവരെല്ലാം പ്രാണങ്ങളേയും സമ്പത്തുകളേയും ഉപേക്ഷിച്ചിട്ട് യുദ്ധത്തിൽ അണിനിരന്നിരിക്കുന്നു.

**ശ്ലോകം – 34**

**ആചാര്യാഃ പിതരഃ പുത്രാ –**
**സ്തഥൈവ ച പിതാമഹാഃ**
**മാതുലാഃ ശ്വശുരാഃ പൗത്രാഃ**
**സ്യാലാസ്സംബന്ധിനസ്തഥാ.**

ഗുരുക്കന്മാർ പിതാക്കന്മാർ പുത്രന്മാർ അപ്രകാരം തന്നെ മുത്തച്ഛന്മാർ അമ്മാവന്മാർ ഭാര്യാ പിതാക്കന്മാർ പൗത്രന്മാരും അളിയന്മാരും അതുപോലെ മറ്റു ബന്ധുക്കളും (ഒക്കെ അണി നിരന്നിരിക്കുന്നു).

**ശ്ലോകം – 35**

**ഏതാന്ന ഹന്തുമിച്ഛാമി**
**ഘ്നതോപി മധുസൂദന**
**അപി ത്രൈലോക്യരാജ്യസ്യ**
**ഹേതോഃ കിം നു മഹീകൃതേ**

മധുസൂദനാ, എന്നെ കൊന്നാൽ പോലും മൂന്നു ലോക ത്തിന്റെയും ആധിപത്യത്തിനു വേണ്ടിപ്പോലും ഇവരെ കൊല്ലാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പിന്നെയാണോ ഈ ഭൂമിക്കു വേണ്ടി?

---

# സുഭാഷിതം – 34

उद्योगे नास्ति दारिद्रम्
जपतो नास्ति पातकम् ।
मौनेन च कलहो नास्ति
नास्ति जागरितो भयम् ।।
(चाणक्य नीति)

ഉദ്യോഗേ നാസ്തി ദാരിദ്ര്യം
ജപതോ നാസ്തി പാതകം.
മൗനേന ച കലഹോ നാസ്തി
നാസ്തി ജാഗരിതോ ഭയം..
(ചാണക്യ നീതി)

**അർത്ഥം:** കഠിനാധ്വാനം ചെയ്യുന്നവന് ദാരിദ്ര്യമില്ല, പ്രാർത്ഥിക്കുന്നവനു പാപമില്ല, നിശബ്ദത പാലിക്കുന്നവനു കലഹമില്ല, ജാഗരൂകനു ഭയമില്ല.

---

## ക്വിസ് (വിജ്ഞാന പരീക്ഷ) – 19

(**കുറിപ്പ്:** സനാതന ധർമ്മം സംബന്ധിച്ചും, കൂടുതലും അയ്യപ്പവാണിയിൽ പ്രസിദ്ധീകരിച്ച വിഷയങ്ങൾ അടിസ്ഥാനമാക്കിയുമുള്ള ചോദ്യങ്ങൾ. ഉത്തരങ്ങൾ അയ്യപ്പവാണിയുടെ അടുത്ത ലക്കത്തിൽ. എല്ലാവർക്കും പങ്കെടുക്കാം. ഉത്തരങ്ങൾ 20 ദിവസത്തിനകം "9447211722" എന്ന നമ്പറിലേക്കു വാട്സാപ് അയക്കണം. എല്ലാ ചോദ്യങ്ങൾക്കും ശരിയായ ഉത്തരങ്ങൾ നൽകുന്ന വ്യക്തിയുടെ വിവരങ്ങൾ അടുത്ത അയ്യപ്പവാണിയിൽ പ്രസിദ്ധീകരിക്കുന്നതാണ്)

**ചോദ്യങ്ങൾ:**

1. കുബേരന്റെ വിമാനത്തിന്റെ പേരെന്തായിരുന്നു?
2. കൈകേയിയെ ശ്രീരാമന്റെ വനവാസത്തിന് പ്രേരിപ്പിച്ച പരിചാരികയുടെ പേരെന്താണ്?
3. 'തിരുമലക്ഷേത്ര'വുമായി എത്ര മലകൾ ബന്ധപ്പെട്ടിരിക്കുന്നു, അവ ഏതൊക്കെയാണ്?
4. പുരാതന ഇന്ത്യയിൽ എത്ര തരത്തിലുള്ള കലാരൂപങ്ങൾ നിലനിന്നിരുന്നു?
5. ഇപ്പോഴത്തെ മന്വന്തരത്തിൽ ഇന്ദ്രന്റെ പേര് എന്താണ്?
6. ശ്രാദ്ധം അനുഷ്ഠിക്കാൻ ഏറ്റവും അനുയോജ്യമായ സമയം ഏതാണ്?
7. ശബരിമലയിലെ ഇപ്പോഴത്തെ മേൽശാന്തി ആരാണ്?
8. ലോകത്തിലെ ഏറ്റവും കൂടുതൽ ക്ഷേത്രങ്ങളുടെ സാന്ദ്രത ഉള്ള സ്ഥലം/പർവ്വതം ഏതാണ്?
9. "സ്വതന്ത്ര ഇന്ത്യയുടെ ദേശീയ മുദ്രാവാക്യം" എന്താണ്, ഏത് ഹിന്ദു ഗ്രന്ഥത്തിൽ നിന്നാണ് ഇത് എടുത്തത്?
10. ശബരിമലയിൽ ആചാരപരമായ ഗുരുതിതർപ്പണം നടത്തുന്നതെപ്പോൾ? ഏത് ദൈവത്തിനുവേണ്ടി സമർപ്പിക്കുന്നു ?

## ഉത്തരങ്ങൾ (AV 11 – ഹരിവരാസനം ക്വിസ് 18)

1. വിദേഹൻ എന്നറിയപ്പെടുന്നത് ജനക മഹാരാജാവ് – വിദേഹരാജാവ്.
2. ചൊവാഴ്ച്ചയുമായി ബന്ധപ്പെട്ട ഗ്രഹം – കുജൻ.
3. ഗുഡാകേശൻ എന്ന് ഭഗവത് ഗീതയിൽ വിളിക്കുന്നത് അർജ്ജുനനെ. (ഗുഡാകങ്ങൾ = ഇന്ദ്രിയങ്ങൾ, അവയുടെ ഈശൻ )
4. ആദിശങ്കരന്റെ ഗുരുപുത്രനാണ് ഭർതൃഹരി.
5. ആറന്മുള ക്ഷേത്രത്തിലെ വിഗ്രഹം ആറ് മുളകൾ കൂട്ടിക്കെട്ടിയ ചങ്ങാടത്തിലാണ് കൊണ്ടുവന്നത്.
6. അഗസ്ത്യ മുനിയുടെ പത്നിയുടെ പേര് – ലോപാമുദ്ര.
7. ഭഗീരഥന്റെ അഭ്യർത്ഥനപ്രകാരം ഗംഗ ഭൂമിയിലേക്ക് വരുകയും ഋഷിയുടെ ആശ്രമം മുങ്ങുകയും ചെയ്തപ്പോൾ ഋഷി ജഹ്നു ഗംഗയെ കുടിച്ചു. പിന്നീട് മുനി ഗംഗയെ ചെവിയിലൂടെ പുറത്ത് വിടുകയും ഗംഗയ്ക്ക് ജാഹ്നവി എന്ന മറ്റൊരു പേര് ലഭിക്കുകയും ചെയ്തു.
8. ഗയാസുരൻ എന്ന അസുരനിൽ നിന്നാണ് പുണ്യ തീർത്ഥമായ ഗയ എന്ന പേര് ലഭിച്ചത്.
9. CE 1338-ൽ പണികഴിപ്പിച്ച വിദ്യാശങ്കര ക്ഷേത്രത്തെ ജ്യോതിഷക്ഷേത്രം എന്നും വിളിക്കുന്നു, കർണ്ണാടക യിലെ ചിക് മംഗളൂർ ജില്ലയിലെ പുണ്യനഗരമായ ശൃംഗേരിയിലാണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. രാശിചക്രത്തിന്റെ ചിഹ്നങ്ങളായ 12 രൂപങ്ങളുള്ള (Zodiac signs) 12 സ്തംഭങ്ങൾ ക്ഷേത്ര മണ്ഡപത്തെ ചുറ്റപ്പെട്ടിരിക്കുന്നു. 12 മാസത്തെ കാലക്രമത്തിൽ ഓരോ തൂണിലും സൂര്യകിരണങ്ങൾ വീഴുന്ന തരത്തിൽ അവ അതിമനോഹരമായി നിർമ്മിച്ചിരിക്കുന്നു.
10. ‘പാണ്ഡവരാജ്യ’ത്തിന്റെ പേര് ഇന്ദ്രപ്രസ്ഥം (ഇന്നത്തെ ഡൽഹി).

-----------------------------------------

**മുഴുവൻ ചോദ്യങ്ങൾക്കും ശരിയുത്തരം നൽകിയവർ:**
ആരുമില്ല

———————————————————————

## വാർത്തകൾ

- ഇന്ന്, 19 നവംബർ 2022 – ഉത്രം – സ്വാമി അയ്യപ്പന്റെ ദിവ്യമായ ജന്മനക്ഷത്രത്തിന്റെ ശുഭദിനം. SASS ന്റെ നിർദ്ദേശപ്രകാരം, ലോകമെമ്പാടുമുള്ള അയ്യപ്പഭക്തർ സ്വന്തം വീടുകളിലും സമീപ ക്ഷേത്രങ്ങളിലും ദീപാരാധനയോടെ ഉത്രം പൂജ നടത്തുന്നു.
- മണ്ഡല – മകരജ്യോതി തീർത്ഥാടനം: ശബരിമല ക്ഷേത്രം മണ്ഡലപൂജയ്ക്കായി നവംബർ 16 ന് വൈകിട്ട് 5 മണിക്ക് തുറന്നു. എല്ലാ ദിവസവും രാവിലെ 4:00 മുതൽ രാത്രി 10:00 വരെ ദർശനം ലഭ്യമാണ്. എല്ലാ ദിവസവും ഉച്ചയ്ക്ക് 12.00 വരെ നെയ്യഭിഷേകം നടക്കും. ഡിസംബർ 27-ന് മണ്ഡലപൂജ കഴിഞ്ഞ് രാത്രി 10-ന് ക്ഷേത്രം അടയ്ക്കും. വീണ്ടും, മകരജ്യോതി മഹോത്സവ ത്തിനായി ഡിസംബർ 30 ന് വൈകുന്നേരം 5 മണിക്ക് തുറക്കുകയും, 2023 ജനുവരി 14-ന് മകരജ്യോതി

ദർശനം, 19–ന് മാളികപ്പുറം ക്ഷേത്ര മുറ്റത്ത് ഗുരുതിതർപ്പണം എന്നിവക്ക് ശേഷം 20 ന് രാവിലെ 6.00 മണിക്ക് ക്ഷേത്രം അടയ്ക്കുകയും ചെയ്യുന്നു.

## ഹരിവരാസനം ശതാബ്ദി ആഘോഷങ്ങൾ




ഹരിവരാസനം ശതാബ്ദി ആഘോഷങ്ങളുടെ കേരള സംസ്ഥാനതല ഉദ്ഘാടനം, അയ്യപ്പ സംഗമം, ഗുരുസ്വാമി സംഗമം എന്നിവ നവംബർ ആറിന് മലപ്പുറം ജില്ലയിലെ കാടാമ്പുഴ ഭഗവതി ക്ഷേത്രം ഓഡിറ്റോറിയത്തിൽ നടന്നു. ഡോ.പി. മാധവൻകുട്ടി വാര്യർ (മാനേജിംഗ് ട്രസ്റ്റി, കോട്ടക്കൽ ആര്യവൈദ്യശാല) ഉദ്ഘാടനം ചെയ്തു. ശബരിമല അയ്യപ്പക്ഷേത്രം മേൽശാന്തി ബ്രഹ്മശ്രീ കെ. ജയരാമൻ നമ്പൂതിരി അനുഗ്രഹ ഭാഷണം നടത്തി. SASS സംസ്ഥാന പ്രസിഡന്റ് ബ്രഹ്മശ്രീ അക്കീരമൻ കാളിദാസൻ ഭട്ടതിരിപ്പാട് അധ്യക്ഷത വഹിച്ച യോഗത്തിൽ, ദേശീയ ജനറൽ സെക്രട്ടറി ശ്രീ. ഈറോഡ് രാജൻ, രക്ഷാധികാരി ശ്രീ. എ.ആർ. മോഹനൻ, ട്രസ്റ്റിമാരായ സ്വാമി അയ്യപ്പദാസ്, ശ്രീ. വി.കെ. വിശ്വനാഥൻ, ക്ഷേത്രീയ ജനറൽ സെക്രട്ടറി ശ്രീ. എം.കെ. അരവിന്ദാക്ഷൻ, സംസ്ഥാന ഭാരവാഹികളായ സർവശ്രീ ലാൽപ്രസാദ് ഭട്ടതിരി, കെ.പി. മാധവൻ, അമ്പോറ്റി കോഴഞ്ചേരി, മുരളി കോളങ്ങാട്, രതീദേവി, ജയശ്രീ തുടങ്ങിയവർ പങ്കെടുത്തു.

**ഹരിവരാസനം സുവനീർ:**

ഹരിവരാസനം ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ശബരിമല അയ്യപ്പ സേവാ സമാജം, കേരളത്തിലെ ദേശീയ ദിനപത്രമായ ജന്മഭൂമിയുടെ മാധ്യമ പങ്കാളിത്ത ത്തോടെ ആറ് ഭാഷകളിൽ (മലയാളം, തമിഴ്, കന്നഡ, തെലുങ്ക്, ഹിന്ദി, ഇംഗ്ലീഷ്) സുവനീർ പ്രസിദ്ധീകരിക്കുന്നു. സുവനീറിന്റെ താരിഫ് ബ്രോഷർ ഉദ്ഘാടനം, മണ്ഡല-മകരജ്യോതി തീർത്ഥാടന കാലത്തിന്റെ ആദ്യദിവസമായ നവംബർ 17–ന് (വൃശ്ചികം 1) – സ്വാമി അയ്യപ്പദാസ് ബ്രോഷറിന്റെ കോപ്പി ശബരിമല സന്നിധാനത്ത് അയ്യപ്പസ്വാമിക്ക് സമർപ്പിച്ചു കൊണ്ട്, നിർവഹിച്ചു.

*****************

നിഷേധക്കുറിപ്പ്: ഇതിൽ കൊടുത്തിരിക്കുന്ന വിഷയങ്ങൾ സംബന്ധിച്ച്, അതിന്റെ രചയിതാക്കൾക്കല്ലാതെ, ശബരിമല അയ്യപ്പ സേവാ സമാജത്തിനോ അംഗങ്ങൾക്കോ യാതൊരു ബാധ്യതയുമില്ലെന്ന് വ്യക്തമാക്കുന്നു.

ശബരിമല അയ്യപ്പ സേവാ സമാജത്തിനുവേണ്ടി, അയ്യപ്പവിഹാർ, വിയ്യൂർ, തൃശ്ശൂർ., കേരളം – 680010, നിന്ന് നാഷണൽ അഡ്മിൻ സെക്രട്ടറി ശ്രീ പി ഷണ്മുഖാനന്ദൻ പ്രസിദ്ധീകരിക്കുന്നത്